marggam
Digital Library of Christianity in India
www.marggam.com

ആരാധനക്രമം

# മരിച്ചവർക്കുവേണ്ടിയുള്ള
# തിരുക്കർമ്മങ്ങൾ

മൃതസംസ്കാരം (അൽമായരുടെ)
മൃതസംസ്കാരം (കുട്ടികളുടെ)
വലിയ ഒപ്പീസ്, ചെറിയ ഒപ്പീസ്, അന്നീദ, നാളോത്ത്,
പുലയടിയന്തിരം, മരണവാർഷികം

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# മരിച്ചവർക്കുവേണ്ടിയുള്ള
# തിരുക്കർമ്മങ്ങൾ

മൃതസംസ്കാരം (അൽമായരുടെ)
മൃതസംസ്കാരം (കുട്ടികളുടെ)
വലിയ ഒപ്പീസ്, ചെറിയ ഒപ്പീസ്, അന്നീദ, നാളോത്ത്,
പുലയടിയന്തിരം, മരണവാർഷികം

By

**Fr. Abel C. M. I.**

*All rights reserved to Fr. Provincial C. M. I.*
St. Joseph Province, Kottayam

DEEPIKA BOOK HOUSE
**ദീപിക ബുക്ക് ഹൗസ്**
ശാസ്ത്രിറോഡ്, കോട്ടയം - 686 001
deepikabookhouse@gmail.com

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

*Malayalam*
MARICHAVARKKUVENDIYULLA
THIRUKKARMMANGAL

Fr. Abel CMI

Reprint: November 2013

© Copyright

*Published by*
Deepika Book House, Kottayam

*Printed at*
Alois Graphics, Kottayam. Tel: 2569847

*Price:* ₹ 25.00

www.TheCMSIndia.org
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# മൃതസംസ്കാരം

(അൽമായരുടെ)

പുരോഹിതൻ തിരുവസ്ത്രങ്ങൾ ധരിച്ച് മൃതശരീരത്തിന്റെ പാദത്തിങ്കൽ ചെന്നുനിന്നുകൊണ്ട് കർമ്മങ്ങളാരംഭിക്കുന്നു. പനിനീരും ചന്ദനത്തിരിയും വെഞ്ചരിച്ചിട്ടില്ലെങ്കിൽ ആദ്യം അവ വെഞ്ചരിക്കുന്നു.

## 1. പനിനീർ വെഞ്ചരിപ്പ്

അനുതപിക്കുന്ന പാപികളുടെ നിത്യസങ്കേതമായ ദൈവമേ, ഞങ്ങളുടെ പാപമോചനത്തിനായി ഈ പനിനീരിനെ ✠ ആശീർവദിക്കണമേ. ഈ ജലത്താൽതന്നെ ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്യണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

ഉത്തരം: ആമ്മേൻ

## 2. ചന്ദനത്തിരി വെഞ്ചരിപ്പ്

സുഗന്ധദ്രവ്യങ്ങളുടെയും പരിമള സസ്യങ്ങളുടെയും നാഥനായ ദൈവമേ, അങ്ങയുടെ ബഹുമാനത്തിനും ഞങ്ങളുടെ പാപമോചനത്തിനുമായി ഈ ചന്ദനത്തിരികൾ ✠ ആശീർവദിക്കണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

ഉത്തരം: ആമ്മേൻ

വെഞ്ചരിച്ച പനിനീർ മൃതദേഹത്തിൻമേൽ തളിക്കുകയും ചുറ്റും ചന്ദനത്തിരി നാട്ടുകയും ചെയ്യുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**കാർമ്മി:** പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

**സമൂഹം:** ആമ്മേൻ

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവുംകൂടി) അങ്ങയുടെ നാമം...

**കാർമ്മി:** കർത്താവേ, നിന്നെ ഞങ്ങളാരാധിക്കുകയും നിന്റെ കാരുണ്യത്തെ പുകഴ്ത്തുകയും മഹനീയമായ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയെ സ്തുതിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവും, ജീവന്റെയും മരണത്തിന്റെയും നാഥനുമാകുന്നു. പിതാവും പിത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

**ശുശ്രൂ:** മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യമാകുന്നു; മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു (സങ്കീ. 103)

മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യമാകുന്നു:
വയലിലെ പുഷ്പംപോലെ അതു വിരിയുന്നു.

ചുടുകാറ്റടിക്കുമ്പോൾ വാടിപ്പോവുകയും ചെയ്യുന്നു:
അതു നിന്നിരുന്ന സ്ഥലവും അജ്ഞാതമായിത്തീരുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കർത്താവിനെ സ്നേഹിക്കുന്നവരുടെമേൽ
എന്നും അവന്റെ അനുഗ്രഹമുണ്ടായിരിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യമാകുന്നു: മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം നമുക്കു സമാധാനം.

**കാർമ്മി:** മണ്ണിൽനിന്ന് ആദത്തെ സൃഷ്ടിച്ചവനും അയാളുടെ സന്താനങ്ങളെ ഉത്ഥാനംവഴി നവീകരിക്കുന്നവനുമായ കർത്താവേ, നിന്നെ ഞങ്ങൾ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവും, ജീവന്റെയും മരണത്തിന്റെയും നാഥനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

സൂചന: താഴെവരുന്ന സങ്കീർത്തനവും (39) പ്രാർത്ഥനയും ഉപേക്ഷിക്കാവുന്നതാണ്.

**ശുശ്രൂ:** എന്റെ ദിവസങ്ങൾ എത്ര പരിമിതങ്ങളാകുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു.

എന്റെ ദിവസങ്ങൾ എത്ര പരിമിതങ്ങളാകുന്നു.
എന്റെ ജീവിതം നിന്റെ മുമ്പിൽ എത്ര നിസ്സാരമാകുന്നു.

എന്തുകൊണ്ടെന്നാൽ
ജീവിതം നിഴൽപോലെ കടന്നുപോകുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മനുഷ്യനോ നിക്ഷേപം കൂട്ടുന്നു:
അത് ആർക്കുവേണ്ടിയാണെന്ന് അവനറിയുന്നില്ല.

കർത്താവേ, നീയല്ലാതെ ആരെനിക്കാശ്രയം?
എല്ലാ തിന്മകളിൽനിന്നും എന്നെ രക്ഷിക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും. ആമ്മേൻ.

**ശുശ്രൂ:** എന്റെ ദിവസങ്ങൾ എത്ര പരിമിതങ്ങളാകുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി, പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** കരുണയാൽ ഞങ്ങളെ സൃഷ്ടിക്കുകയും നീതിയാൽ മരണവിധേയരാക്കുകയും ദയാധിക്യത്താൽ ഉയിർപ്പിക്കുകയും ചെയ്യുന്ന കർത്താവേ, നിന്നെ ഞങ്ങൾ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവും, ജീവന്റെയും മരണത്തിന്റെയും നാഥനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

## ഗാനം

(അം കൊലഹോൻ കന്തീശൈക്ക്...)

*നിന്റെ ദാസന്റെ ആത്മാവിനെ സന്തോഷിപ്പിക്കണമേ.*

നൃപനാം മിശിഹാ കർത്താവേ,
അഴലും മരണവുമില്ലാതെ
ജീവൻ വിളയും രാജ്യത്തിൽ
വാനവരോടേ ചിരകാലം

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ആനന്ദത്തൊടു വാണിടുവാൻ
ദാസനുവരമിന്നരുളേണം.

*കർത്താവു വലിയവനും സ്തുത്യർഹനുമാകുന്നു,*

ആദിപിതാവാമാദത്തെ
സൃഷ്ടിച്ചവനാം ദൈവത്തിൽ
ആശ്രയമഖിലമണയ്ക്കുന്നു,
മർത്യനു ശരണം നീയല്ലോ:
ലോകം വ്യർത്ഥം: സകലേശാ
ഞങ്ങൾക്കരുളുക നവജീവൻ

*വാഗ്ദാനങ്ങളിൽ കർത്താവു വിശ്വാസ്യനാകുന്നു.*

വിലപിക്കരുതേ മരണത്തിൽ:
പുനരുത്ഥാനം വരുമല്ലോ;
അരുൾ ചെയ്തില്ലേ തിരുനാഥൻ:
"ദൃഢമായെന്നിൽ വിശ്വാസം
നിക്ഷേപിക്കും മനുജനു ഞാ-
നന്തിമദിവസമുയിർപ്പേകും."

*നീതിമാൻ വിജ്ഞാനം പ്രസംഗിക്കുന്നു.*

പൗലോസിൻ തിരുവാക്യങ്ങൾ
ശാന്തി നിനക്കു പകർന്നീടും:
"മർത്യനമർത്യത പുണരുന്നു
ക്ഷയമുള്ളോനക്ഷയനാകും."
മർത്യതയേവം സകലേശൻ
നിതരാം നൂതനമാക്കുന്നു.

*ചിറകുവിടർത്തി അവരെ സ്വീകരിക്കുന്നു*

അംബരവീഥിയിലഖിലേശൻ
മിശിഹാരാജനെഴുന്നള്ളും:

margam
Digital Library of Christianity in India
www.marggam.com



പരിശുദ്ധൻമാരണിയണിയാ-
യെതിരേല്പിന്നു നിരന്നീടും,
ആനന്ദത്തിൻ മണിയറയിൽ
ചിരമായ് വാണിടുമവരെല്ലാം.

സൂചന: തുടർന്നുള്ള പാദങ്ങൾ ഉപേക്ഷിക്കാവുന്നതാണ്.

*ഇന്നു മുതൽ എന്നേയ്ക്കും.*

നിത്യോന്നതമാം സായൂജ്യം
പുൽകുന്നതിനീയാത്മാവും
നിൻവിളികേട്ടു ശരീരത്തെ
വിട്ടുപിരിഞ്ഞു തിരിക്കുന്നു:
വാനവഗണമാദിനവും കാ-
ത്തക്ഷമരായിക്കഴിയുന്നു.

*അവർ എനിക്കു കയ്പുള്ള ഭക്ഷണം തന്നു.*

പറുദീസായിൽക്കനിനീട്ടി
വൃക്ഷം മർത്യനു മൃതിയേകി:
ഗാഗുൽത്തായിൽക്കൈനീട്ടി
കുരിശാമർത്യനുയിർപ്പേകി:
മിശിഹാനാഥൻ മരണത്താൽ
മരണത്തിൻമേൽ ജയമാർന്നു.

*ദൈവമേ, ഞങ്ങൾ തെളിവായിക്കേട്ടു.*

"നിന്നുടെ നീതി വിശുദ്ധന്മാർ-
ക്കാനന്ദത്തിൻ പൂന്തേനും
ദുഷ്ടജനത്തിനു പീഡകളും
നൽകീ" ഞങ്ങളിതറിയുന്നു:
നാഥാ ഞങ്ങടെ മൃതരെല്ലാം
നുകരാവു നിൻ കൃപയെന്നും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*അവയെല്ലാം നശ്വരങ്ങളാകുന്നു*

ലോകവുമതിനുടെയാശകളും
നിശ്ശൂന്യതയിൽത്താഴുന്നു:
സത്യം, നീതിയുമെന്നെന്നും
ലയമില്ലാതെ വിളങ്ങീടും:
നിലനില്ക്കുന്നു സകലേശൻ
നല്കുന്നൊരു നിത്യായുസ്സും.

*പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

നൃപനാം മിശിഹാ കർത്താവേ,
വാഴ്ത്തിപ്പാടി നമിക്കുന്നേൻ;
വിശ്വത്തിന്റെ വിധാതാവേ,
നൽകണമേ പുനരുത്ഥാനം:
പരിശുദ്ധന്മാർ വാഴുമിടം
ചേർക്കണമെന്നെയുമഖിലേശാ.

*ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.*

മഹിമയൊടന്തിമ വിധിനാളിൽ
കർത്താവേ നീയണയുമ്പോൾ
കരുണയൊടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ:
നൽകണമേ നിത്യായുസ്സിൻ
പരമോന്നതമാം പരിവേഷം

## ലേഖനം

**ശുശ്രൂ:** എന്റെ സഹോദരരേ, വി. പൗലോസ് ശ്ലീഹാ തെസലോനിക്കക്കാർക്ക് എഴുതിയ ലേഖനം (1 തെസ. 4:13-18).

എന്റെ സഹോദരരേ, മരിച്ചവരെക്കുറിച്ചു പ്രത്യാശയില്ലാത്തവരെപ്പോലെ നിങ്ങൾ ദുഃഖിക്കരുതെന്നു ഞാൻ ആഗ്ര

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഹിക്കുന്നു. ഈശോ മരണശേഷം ഉയിർത്തെഴുന്നേറ്റു എന്നു നാം വിശ്വസിക്കുന്നു. അങ്ങനെതന്നെ ദൈവം ഈശോയിൽ മരിച്ചവരെയും അവനോടുകൂടെ ഉയിർപ്പിക്കും. നമ്മുടെ കർത്താവ് ആഗതനാകുമ്പോൾ ജീവിച്ചിരിക്കുന്നവർ മരിച്ചവർക്കു മുമ്പു കടക്കുകയില്ല എന്നു നമ്മുടെ കർത്താവിന്റെ വാക്കുകളിൽ ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു.

എന്തുകൊണ്ടെന്നാൽ, നമ്മുടെ കർത്താവ് അധികാരത്തോടും, പ്രധാന മാലാഖയുടെ ശബ്ദത്തോടും, ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് എഴുന്നള്ളിവരും. മിശിഹായിൽ മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേൽക്കും. അപ്പോൾ ജീവിച്ചിരിക്കുന്നവരായ നാം കർത്താവിന്റെ എതിരേല്പിനായി അവരോടുകൂടെ മേഘങ്ങളിൽ എടുക്കപ്പെടും. നാം എന്നും കർത്താവിനോടുകൂടെ ആയിരിക്കുകയും ചെയ്യും. ആകയാൽ, ഈ വാക്കുകളാൽ നിങ്ങൾ പരസ്പരം ആശ്വസിപ്പിക്കുവിൻ.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**മറ്റു ലേഖനഭാഗങ്ങൾ: റോമ. 8:10..., 1 കൊറി. 15:19...**

സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു (സങ്കീ. 88)

കർത്താവേ, എന്റെ രക്ഷകനായ ദൈവമേ,
രാവും പകലും നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നു.
എന്റെ പ്രാർത്ഥന നിന്റെ പക്കലെത്തട്ടെ:
എന്റെ അപേക്ഷ നീ കേൾക്കണമേ.

## സുവിശേഷം

**കാർമ്മി:** വി. യോഹന്നാൻ എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം (5:24-29).

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഹിക്കുന്നു. ഈശോ മരണശേഷം ഉയിർത്തെഴുന്നേറ്റു എന്നു നാം വിശ്വസിക്കുന്നു. അങ്ങനെതന്നെ ദൈവം ഈശോയിൽ മരിച്ചവരെയും അവനോടുകൂടെ ഉയിർപ്പിക്കും. നമ്മുടെ കർത്താവ് ആഗതനാകുമ്പോൾ ജീവിച്ചിരിക്കുന്നവർ മരിച്ചവർക്കു മുമ്പു കടക്കുകയില്ല എന്നു നമ്മുടെ കർത്താവിന്റെ വാക്കുകളിൽ ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു.

എന്തുകൊണ്ടെന്നാൽ, നമ്മുടെ കർത്താവ് അധികാരത്തോടും, പ്രധാന മാലാഖയുടെ ശബ്ദത്തോടും, ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് എഴുന്നള്ളിവരും. മിശിഹായിൽ മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേൽക്കും. അപ്പോൾ ജീവിച്ചിരിക്കുന്നവരായ നാം കർത്താവിന്റെ എതിരേല്പിനായി അവരോടുകൂടെ മേഘങ്ങളിൽ എടുക്കപ്പെടും. നാം എന്നും കർത്താവിനോടുകൂടെ ആയിരിക്കുകയും ചെയ്യും. ആകയാൽ, ഈ വാക്കുകളാൽ നിങ്ങൾ പരസ്പരം ആശ്വസിപ്പിക്കുവിൻ.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**മറ്റു ലേഖനഭാഗങ്ങൾ: റോമ. 8:10..., 1 കൊറി. 15:19...**

സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു (സങ്കീ. 88)

കർത്താവേ, എന്റെ രക്ഷകനായ ദൈവമേ,
രാവും പകലും നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നു.
എന്റെ പ്രാർത്ഥന നിന്റെ പക്കലെത്തട്ടെ:
എന്റെ അപേക്ഷ നീ കേൾക്കണമേ.

## സുവിശേഷം

**കാർമ്മി:** വി. യോഹന്നാൻ എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം (5:24-29).

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**സമൂഹം:** കർത്താവേ, ഈ ആത്മാവിനോടു കരുണ തോന്നണമേ.

**ശുശ്രൂ:** അനന്തമായ സ്നേഹത്താൽ ഞങ്ങളെ സൃഷ്ടിക്കയും അതുല്യമായ കൃപയാൽ ഞങ്ങളെ രക്ഷിക്കയും ചെയ്ത മിശിഹായേ, നിന്റെ കല്പനയാൽ ഈ ലോകംവിട്ടു പുറപ്പെടുന്ന ഈ ആത്മാവിനെ നിത്യാനന്ദത്തിന്റെ തുറമുഖത്തു സുരക്ഷിതമായി എത്തിക്കുവാൻ നിന്റെ പരിശുദ്ധ ദൂതന്മാരെ നിയോഗിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ...

**ശുശ്രൂ:** ഗാഗുൽത്തായിൽ നിന്റെ അമൂല്യമായ രക്തം ചിന്തി രക്ഷിച്ച ഈ ആത്മാവിന്റെ അപരാധങ്ങളും കടങ്ങളും ക്ഷമിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ...

**ശുശ്രൂ:** തിരുവുത്ഥാനംവഴി മനുഷ്യവർഗ്ഗത്തിനു പ്രതീക്ഷയും ശരണവും പ്രദാനംചെയ്ത മിശിഹായേ, വിധിദിവസത്തിൽ നിന്റെ മഹത്വത്തിന്റെ പ്രഭയാൽ ഈ ആത്മാവിനെ പ്രകാശിപ്പിക്കയും സ്വർഗ്ഗരാജ്യത്തിന് അവകാശിയാക്കുകയും ചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ...

**ശുശ്രൂ:** ദുഃഖിതരെ ആശ്വസിപ്പിക്കുവാൻവേണ്ടി ലാസറിന്റെ മരണത്തിൽ സ്വയം കണ്ണുനീർ ചിന്തിയ മിശിഹായേ, കരയുന്നവരുടെ കണ്ണുനീർ തുടയ്ക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**സമൂഹം:** കർത്താവേ...

**ശുശ്രൂ:** കരുണാനിധിയും പാപങ്ങൾ പൊറുക്കുന്നവനുമായ മിശിഹായേ, നിന്റെ ദാസന്റെ (ദാസിയുടെ) പാപങ്ങൾ പൊറുക്കുകയും കുടുംബാംഗങ്ങളെയും ചാർച്ചക്കാരെയും ആശ്വസിപ്പിക്കുകയും ചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ...

## വിശ്വാസപ്രമാണം

**കാർമ്മി:** സർവ്വശക്തനായ പിതാവും (സമൂഹവുംകൂടി) ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ...

**കാർമ്മി:** കർത്താവേ, നിന്റെ കരുണ ഞങ്ങളെ അനുഗമിക്കയും നിന്റെ ദയാധിക്യം ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും ചെയ്യട്ടെ. നിന്റെ മഹനീയമായ ത്രിത്വത്തിന്റെ അനുഗ്രഹം ഞങ്ങളെ സഹായിക്കട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, നീ ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാകുന്നു. ഞങ്ങളുടെ ജീവന്റെ കാരണവും ആത്മാവിന്റെ പ്രത്യാശയും നീയാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പ്രബോധന ഗാനം

### പുരുഷന്മാർക്ക്

(യാദാഹൂശാവേ)

**കാർമ്മി:** മരണംവരുമൊരുനാൾ ഓർക്കുക മർത്യാ നീ;
കൂടെപ്പോരും നിൻ ജീവിതചെയ്തികളും:
സൽകൃത്യങ്ങൾ ചെയ്യുക നീ അലസത കൂടാതെ.

**സമൂഹം:** മരണം വരുമൊരുനാൾ...
പുരോഹിതൻ ധൂപം ആശീർവ്വദിക്കുന്നു.

**കാർമ്മി:** ചൊല്ലുക മർത്യാ, നീ എന്തിനു കരയുന്നു.
വ്യാകുലമാനസനായെന്തിനു നീറുന്നു.
തിരമാലകളാൽ തിങ്ങിമറിഞ്ഞിളകും കടൽപോലെ?

(പുരോഹിതൻ മൃതശരീരത്തിന്റെ ചുറ്റും നടന്ന് ഓരോ വശത്തും മൂന്നുപ്രാവശ്യം വീതം വിശുദ്ധ പനിനീർ തളിക്കുന്നു.)

**സമൂഹം:** മരണം വരുമൊരുനാൾ...

**കാർമ്മി:** ഭീകരമരണത്തിൻ കാലടികേൾപ്പൂ ഞാൻ:
പാപമെനിക്കുള്ളിൽ പേടി വളർത്തുന്നു:
സാത്താൻ നിറയും പകയോടെ
സതതമലട്ടുന്നു.

(പുരോഹിതൻ മൃതശരീരത്തിന്റെ ചുറ്റുംനടന്ന് ഓരോ വശത്തും മൂന്നുപ്രാവശ്യം വീതം ധൂപം വീശുന്നു.)

**സമൂഹം:** മരണം വരുമൊരുനാൾ...

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## സ്ത്രീകൾക്ക്

(ബ്ഹദ്മിൻ യൗമീൻ...)

**കാർമ്മി:** അന്നൊരുദിവസം ബേസനിയായിൽ
സോദരിമാരാം മർത്താമറിയം ചുടു
കണ്ണീരും വീഴ്ത്തിയിരുന്നു.

**സമൂഹം:** അന്നൊരു ദിവസം...

**കാർമ്മി:** മരണമടഞ്ഞൊരു സോദരനേയും
ചിന്തിച്ചഴലിൽ നെടുവീർപ്പിട്ടു കരഞ്ഞു
കരഞ്ഞാക്കണ്ണുകൾ താണു.

**സമൂഹം:** അന്നൊരു...

**കാർമ്മി:** "ജീവനുമുയിരും ഞാനാകുന്നു
കരയരുതേവം" കരുണയൊടന്തിക-
മാർന്നഖിലേശൻ ശാന്തി പൊഴിഞ്ഞു.

**സമൂഹം:** അന്നൊരു ദിവസം...

## മുടിയണിയിക്കൽ

**ശുശ്രൂ:** ഞാൻ നല്ലവണ്ണം യുദ്ധം ചെയ്തു. ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കി. എന്റെ വിശ്വാസം ഞാൻ സംരക്ഷിച്ചു. അതിനാൽ നീതിയുടെ ന്യായാധിപനായ കർത്താവ് ഈ ദിവസം നീതിയുടെ മുടി എന്നെ അണിയിക്കുമാറാകട്ടെ (2 തിമോ. 4:7).

**കാർമ്മി:** വിശ്വസ്തരായ ഭൃത്യർക്കു വാഗ്ദാനം ചെയ്യപ്പെട്ട നിത്യാനന്ദത്തിലേക്കു ദൈവം നിന്നെ പ്രവേശിപ്പിക്കുമാറാകട്ടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പുരോഹിതൻ മൃതശരീരത്തിന്റെ ശിരസ്സിൽ പുഷ്പമുടി ചാർത്തുന്നു. തത്സമയം മറ്റുള്ളവർ റീത്തുകൾ സമർപ്പിക്കുകയോ, പുഷ്പദളങ്ങൾ ശരീരത്തിൽ വിതറുകയോ ചെയ്യുന്നു.

## ഗാനം

പുശ്ബശ്ലാമ്മാ

മരിച്ചുപോയ ആൾ ജീവിച്ചിരിക്കുന്നവരോടു യാത്ര പറയുന്നതായും അവരുടെ പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുന്നതായും സങ്കല്പിക്കുന്നു.

*എന്റെ സഹോദരരേ, ഞാനിപ്പോൾ നിങ്ങളോടു യാത്ര പറയുന്നു; നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.*

വിടവാങ്ങുന്നേൻ നശ്വരമുലകിൽ
വിടുതിയെനിക്കായ് നൽകിയ വസതീ,
പരിശുദ്ധന്മാർ പരമാനന്ദം
നുകരുമിടത്തിൽപ്പോകുന്നൂ ഞാൻ.

*അവയെല്ലാം കടന്നുപോകുന്നു.*

ശാശ്വതഭാഗ്യം നരനരുളീടാൻ
കഴിവില്ലാത്തോരെൻ പാർപ്പിടമേ,
പ്രഭയുടെ നാട്ടിൽ നിത്യവിരുന്നി-
ന്നണയട്ടെ ഞാൻ - അന്തിമയാത്ര.

*എന്നും എന്നേയ്ക്കും*

സഹജന്മാരേ, സ്നേഹിതഗണമേ,
യാത്രയിതാ ഞാൻ ചോദിക്കുന്നു:
നിങ്ങളെനിക്കായ് ചെയ്തതിനെല്ലാം
മിശിഹാനാഥൻ പ്രതിഫലമേകും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*എന്റെ പ്രാർത്ഥന നിന്റെ പക്കൽ എത്തട്ടെ.*

പ്രാർത്ഥിപ്പതിനായ് പരിപാവനമാം
ദൈവികഭവനം പൂകുന്നേരം
സ്നേഹാർദ്രതയാർന്നെൻ പ്രിയജനമേ,
അനുദിനമലിവോടോർക്കണമെന്നെ.

*ഭൂമിയിൽ അവർ വിലപിക്കുന്നു.*

ആഡംബരവും പ്രൗഢിയുമെല്ലാം
നാശോന്മുഖമായ് നിഷ്പ്രഭമാകും:
പോകുന്നൂ ഞാൻ ലയമിയലാത്തോ-
രുന്നതമോർശ്ലം പ്രാപിപ്പതിനായ്.

*നീ എന്നും നിലനിൽക്കുന്നു.*

പോയ്മറയുന്നീ ക്ഷണഭംഗുരമാം
ലോകവുമതിലേ ജഡികാശകളും:
അക്ഷയരാജ്യം നേടാനുതകും
നിക്ഷേപങ്ങൾ കരുതുക നമ്മൾ

*അവനെ തേടി; കണ്ടെത്തിയില്ല.*

ദുഷ്ടത കുടിവാണഴുകി നശിക്കും
ലോകമിതെന്നിൽ ഭീതിയുണർത്തി;
ഓടിപ്പോയ് ഞാൻ ജീവൻ പകരും
കുരിശിനെ വിരവോടാശ്ലേഷിച്ചു.

*നിന്റെ കരുണ എന്നെയറിയിക്കണമേ.*

"ശാന്തിയിൽ മകളേ പൊയ്ക്കൊള്ളുക, നിൻ
പാപത്തിനു ഞാൻ മാപ്പേകുന്നു"
പാപിനിയോടായ്ക്കല്പിച്ചതുപോ-
ലെന്നൊടുമിപ്പോൾ കല്പിക്കണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*കാഹളമൂതി അവനെ പുകഴ്ത്തുവിൻ*

ദൂതർ വിളിക്കും കാഹളനാദം-
വിധിനാളുയരും മോഹനഗാനം
അതുകേട്ടുണരും മൃതരെല്ലാരും
ത്രിത്വത്തിന്നായ് കീർത്തനമോതും.

*സ്വർഗ്ഗം ഭൂമിയിലിറങ്ങി.*

ആദത്തിന്നും സന്തതികൾക്കും
പറുദീസായിൽ പുനരധിവാസം
നൽകുന്നതിനായ് സ്വർഗ്ഗംതന്നെ
ഭൂവിലിറങ്ങീ - മഹിതാദ്ഭുതമേ!

*വിശുദ്ധർക്ക് അന്ധകാരത്തിൽ പ്രകാശമുദിച്ചു.*

വിധിയുടെ ദിവസം മിശിഹാരാജൻ
വിണ്ണിൽ വരുമ്പോൾ മൃതരെഴുന്നേല്ക്കും
ജീവിപ്പവരോ വിസ്മയകരമായ്
രൂപാന്തരവും പ്രാപിച്ചീടും.

*നിന്റെ കരുണ ഞങ്ങളെ അനുഗമിക്കട്ടെ.*

പരിശുദ്ധന്മാരെതിരേല്പിനുവ-
ന്നംബരമദ്ധ്യേ നിരചേരുന്നു:
സ്നേഹിതരേ, ഞാനവരുടെയണിയിൽ
ചേരുന്നതിനായ് പ്രാർത്ഥിക്കണമേ.

*നിന്റെ അരൂപിയെ അയയ്ക്കുക; അവ സൃഷ്ടിക്കപ്പെടും.*

മിശിഹാനാഥാ, പാപികളെല്ലാം
നിൻകല്പനയാലുത്ഥിതരായി:
ഇരുളുനിറഞ്ഞോരവനിയിലെങ്ങും
തിരുവുത്ഥാനം ദീപ്തിപരത്തി.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*ധനികരും ദരിദ്രരും*

മൃതിയുടെ പൊതുവാം പാതയിലല്ലോ
നീങ്ങുന്നുലകിൽ മാനവരെല്ലാം:
ധനികന്മാരും നിസ്സ്വരുമൊപ്പം
പ്രതിഫലമതിനായ് പായുന്നനിശം.

*അവർ ചിറകുവിരിച്ചു പറന്നുവന്നു*

ദൈവികദൂതൻ ധരയിലിറങ്ങി
കന്യാംബികതൻ സവിധമണഞ്ഞു
മനുജനുശരണം ശാന്തിയുമരുളും
തിരുസന്ദേശം മേരിക്കേകി.

*നീയവർക്കു പാനീയം കൊടുത്തു.*

പൈദാഹത്താൽ വലയും ധരതൻ
നീരുറവകളേ, ശ്ലീഹന്മാരേ,
നിങ്ങളണയ്ക്കും പ്രാർത്ഥനയെന്നും
നല്കണമഭയം ഞങ്ങൾക്കുലകിൽ.

മൃതശരീരം വീട്ടിൽനിന്നെടുക്കുന്നു.

സൂചന: യുക്തമെന്നു തോന്നിയാൽ അഞ്ചാമത്തെ പാദം കഴിയുമ്പോൾ മൃതശരീരം എടുക്കാവുന്നതാണ്. ബാക്കിഭാഗങ്ങൾ വിലാപയാത്ര നീങ്ങിത്തുടങ്ങിയ ശേഷം പാടിയാൽ മതി.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## വിലാപയാത്ര

### ഗാനം
(ഇസ്യാദവ്റെംസേ...)

*ലോകസൃഷ്ടിക്കു മുമ്പുതന്നെയുള്ളവൻ*

ദൃശ്യാദൃശ്യങ്ങൾ സകലം തീർത്തോനേ,
നാഥാ, സകലേശാ,
നിൻ സാദൃശ്യത്തിൽ തീർത്തോരെന്നുടെമേൽ
കൃപ നീ ചിന്തണമേ.

*ആദിമുതൽ അന്ത്യംവരെയുള്ളവയെല്ലാം.*

എല്ലാമറിയുന്നു ദൈവം മനുജന്റെ
ഗൂഢവിചാരങ്ങൾ:
വാക്കും ചെയ്തികളും നിഖിലം മറയെന്യേ
തെളിവായ്ക്കാണുന്നു.

*ഹൃദയങ്ങൾ നീ പരിശോധിക്കുന്നു.*

സ്ഫുടമായ് നിൻമുമ്പിൽക്കണ്ടു ഭുവനത്തിൻ
തിന്മകളെല്ലാം നീ;
പെരുകീ പാപങ്ങൾ: ഫലമായ് പീഡകളും
തിങ്ങിനിറഞ്ഞല്ലോ.

*കോപത്തിൽ ഞങ്ങളെ ശിക്ഷിക്കരുതേ.*

ജനനം മുതലെന്നും മനുജൻ പാപത്തിൻ
വഴിയിൽച്ചായുന്നു:
കോപം കലരാതെ നാഥാ, കനിവോടെ
തൃക്കൺപാർക്കണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*കണ്ണുനീരുകൊണ്ടു എന്റെ കിടക്ക ഞാൻ നനച്ചു.*

നാഥാ, പാപിനിയാം മറിയം മിഴിനീരിൽ
പാദം കഴുകുമ്പോൾ
ഹൃദയം തരളിതമായ് സഹതാപാകുലമായ്
പൊറുതിയവൾക്കരുളി

*കർത്താവേ, കാരുണ്യം വർഷിക്കണമേ.*

പശ്ചാത്താപത്താലൊഴുകുന്നെൻ കണ്ണീർ
കണ്ടു കനിഞ്ഞാലും
ദൈവാനുഗ്രഹവും കൃപയും ചിരമെന്നിൽ
ചൊരിയണമഖിലേശാ.

*നീ എന്നെ സൃഷ്ടിച്ച് എന്റെമേൽ കൈകൾവച്ചു.*

തീർത്തൂ പൊടിയിൽ നിന്നാദാമിനെ ദൈവം
ചേർത്തു ജീവനതിൽ:
സ്തുതിതൻ ഗീതങ്ങൾ നിയതം പാടിടുവാൻ
നാവുമവന്നേകി.

*വലിയവരും ചെറിയവരും*

അനുതാപാകുലരായണയും പാപികളെ
കൈക്കൊൾവൂ ദൈവം:
പശ്ചാത്താപത്തിൻ കണ്ണീർ ചിന്തുക നാം
ദൈവം കൃപ ചെയ്യും.

*രക്ഷകനായ ദൈവമേ, ഞങ്ങളെ സഹായിക്കണമേ.*

നരനീ ലോകത്തിൽ ദൈവം തുണയാകാ-
തൊന്നും കഴിവില്ല;
നാഥാ, ദുർബലരാം ഞങ്ങൾക്കവശതകൾ
തീർക്കണമനുനിമിഷം

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*നിനക്കു ഞാനഭിവാദനമർപ്പിക്കുന്നു*

"സ്വസ്തീ ദാവീദിൻ പുത്രീ" മാലാഖാ
മറിയത്തോടരുളി:
കന്യാമാതാവേ, സെഹിയോൻ പുത്രീ, നിൻ
ധന്യത നിസ്തുലമാം.

*കർത്താവിനെ പ്രാർത്ഥിച്ചു ശക്തരാകുവിൻ*

നിറയും മോദമോടെ വാനിൽ വാണരുളും
പരിശുദ്ധന്മാരേ,
കൃപയും മോചനവും ഞങ്ങൾ നേടിടുവാൻ
നിതരാം പ്രാർത്ഥിപ്പിൻ.

വഴി ദീർഘമാണെങ്കിൽ വലിയ ഒപ്പീസിലെ ഗാനങ്ങളും പാടാവുന്നതാണ്.

## ദേവാലയത്തിൽ

വിലാപയാത്രയുടെ അവസാനം മൃതശരീരം ദേവാലയ മദ്ധ്യത്തിൽ സ്ഥാപിക്കുന്നു.

കുർബ്ബാനയുണ്ടെങ്കിൽ അതിനുശേഷം പുരോഹിതൻ മൃതശരീരത്തിന്റെ പക്കൽചെന്നു ജനങ്ങളുടെ നേരെ തിരിഞ്ഞുനിന്നുകൊണ്ട് ആരംഭിക്കുന്നു.

*ഗാനം*

(മാറൻ ആസേ...)

അവരതു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.

അണയുന്നീശോ മൃതരാമഖിലർക്കും
ജീവനുമതുപോൽ ശരണവുമരുളീടാൻ

*കർത്താവിനെ ഞാൻ നിരന്തരം പ്രകീർത്തിക്കും.*

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

മൃതിയാൽത്തന്നെ മൃതിയുടെ കയ്പെല്ലാം
കഴുകിയനാഥാ, നിന്നെ നമിക്കുന്നു.

*അവൻ ശബ്ദമുയർത്തിയപ്പോൾ ഭൂമികുലുങ്ങി.*

മിശിഹാനാഥൻ ശബ്ദമുയർത്തുമ്പോൾ
കല്ലറ പിളരും മൃതരുടനെഴുന്നേല്ക്കും

*അവന്റെ നാമം എന്നും ധന്യമാകുന്നു.*

മൃതിയെ മുറപോൽ നാഥനയയ്ക്കുന്നു
ദുഷ്ടനുമിളയിൽ ശിഷ്ടനുമൊരുപോലെ.

*ഞാൻ ദൈവത്തിലാനന്ദിക്കും.*

അഭയം കുരിശിൽക്കണ്ടവനവസാനം
വിധിയുടെ നാളിൽ കൈവരുമാനന്ദം

*നീ എന്നെ സൃഷ്ടിച്ച് എന്റെമേൽ കൈകൾവച്ചു.*

ധൂളിയിൽനിന്നും ജന്മമെനിക്കേകി;
നിന്നെ നമിക്കാൻ നൽകണമുത്ഥാനം.

*നീതിമാന്മാർക്ക് അന്ധകാരത്തിൽ പ്രകാശമുദിച്ചു.*

മേഘത്തേരിൽ നാഥനെഴുന്നള്ളും
മൃതരെവിളിക്കും ജീവനവർക്കേകും.

*വിശുദ്ധർക്കു പ്രകാശമുദിച്ചു.*

കനകപ്രഭയിൽ കബറിടമൊളിചിന്നും;
അതിലുള്ളവരോ നാഥനു പുകൾപാടും.

*ചെറിയവരും വലിയവരും*

പ്രിയരേ, നിങ്ങൾ കരയരുതഖിലേശൻ
പുനരുത്ഥാനം നൽകാൻ വരുമല്ലോ.

marggam
Digital Library of Christianity in India
www.marggam.com



*പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി*

താതനുമേവം സുതനും റൂഹായ്ക്കും
കീർത്തനമെന്നും ഞങ്ങളണയ്ക്കുന്നു.

*ആദിമുതൽ എന്നേയ്ക്കും.*

ഈശോനാഥാ, മരണവുമുയിരും നിൻ
കൈകളിലല്ലോ; നിന്നെ നമിക്കുന്നു.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

## സമൂഹ പ്രാർത്ഥന

**ശുശ്രൂ:** സത്യവിശ്വാസത്തോടുകൂടെ ഈ ലോകം വിട്ടു പോയിരിക്കുന്ന നമ്മുടെ സഹോദര(പേര്)നുവേണ്ടി (സഹോദരിക്കു....വേണ്ടി) നമുക്കു പ്രാർത്ഥിക്കാം. ജീവിതകാലത്തു സൽകൃത്യങ്ങളാൽ ദൈവത്തെ പ്രസാദിപ്പിച്ച ഈ ആളെ ദൈവം നീതിമാന്മാരുടെ സമൂഹത്തിലേക്കു പ്രവേശിപ്പിക്കുമാറാകട്ടെ.

**സമൂഹം:** ആമ്മേൻ

**ശുശ്രൂ:** മരിച്ചവരെ ഉയിർപ്പിക്കുകയും നല്ലവർക്കു സ്വർഗ്ഗഭാഗ്യം നൽകുകയും ചെയ്യുമ്പോൾ തന്റെ അനുഗ്രഹത്താലും തന്റെ മാതാവായ കന്യകാമറിയത്തിന്റെ പ്രാർത്ഥനയാലും മിശിഹാ അവരോടുകൂടെ ഈ ആളെ തന്റെ വലതുഭാഗത്തു നിറുത്തമാറാകട്ടെ.

**സമൂഹം:** ആമ്മേൻ

**ശുശ്രൂ:** ജീവന്റെ പുസ്തകത്തിൽ ദൈവം ഈ ആളുടെ പേരെഴുതുകയും, തെരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ ഈ ആളെ ചേർക്കുകയും ചെയ്യുമാറാകട്ടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**സമൂഹം:** ആമ്മേൻ

**കാർമ്മി:** കർത്താവേ, വാത്സല്യപൂർവ്വം ഞങ്ങളെ സന്ദർശിക്കുകയും കാരുണ്യപൂർവ്വം ഞങ്ങളെ സംരക്ഷിക്കയും ചെയ്യണമേ. ഉത്ഥാനം പ്രതീക്ഷിച്ചുകഴിയുന്ന മരിച്ചവരെ ഉയിർപ്പിക്കണമേ. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, നിന്റെ പൈതൃകമായ പരിപാലനയെ ഞങ്ങളാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ ഞങ്ങളെ മരണവിധേയരാക്കുകയും വീണ്ടും ജീവിപ്പിക്കുകയും ചെയ്യുന്നു. ഉത്ഥാനത്തിൽ ഞങ്ങളുടെ ശരീരങ്ങളെ നീ മഹത്വമണിയിക്കുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

## യാത്രാവന്ദനം

സൂചന: മരിച്ചയാൾ ദേവാലയത്തോടും മറ്റും യാത്ര പറയുന്നതായി സങ്കൽപിക്കുന്നു.

**ശുശ്രൂ:** ദൈവത്തിന്റെ ഭവനമേ, ഞാൻ നിന്നോടു യാത്ര പറയുന്നു. മാമ്മോദീസാവഴി എന്നെ വിശുദ്ധീകരിക്കുകയും പരിശുദ്ധ കുർബ്ബാനയാൽ എന്റെ ആത്മാവിനെ പോഷിപ്പിക്കയും മറ്റു കൂദാശകളാൽ എന്റെ ആത്മാവിൽ കൃപാവരം ചൊരിയുകയും ചെയ്ത പ്രിയപ്പെട്ട ദേവാലയമേ, ഞാൻ നിനക്കു വന്ദനം പറയുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എന്റെ പിതാക്കന്മാരും ആത്മീയപാലകരുമായ പുരോഹിതരേ, ദൈവവചനങ്ങളാൽ എന്റെ ആത്മാവിനു പോഷണം നൽകിയ നിങ്ങളോടും ഞാൻ യാത്രപറയുന്നു. ഞാൻ നിങ്ങളിൽ നിന്നകന്നുപോകുന്നുവെങ്കിലും എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെയുണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

മൃതശരീരം സെമിത്തേരിയിലേക്കു കൊണ്ടുപോകുന്നു. തത്സമയം താഴെക്കൊടുത്തിരിക്കുന്ന ഗാനം ആലപിക്കുന്നു.

## ഗാനം

(ലാതെക്റേലാക്)

എന്റെ സഹോദരരേ, നമ്മെ സൃഷ്ടിക്കയും മരണവിധേയരാക്കുകയും, മരണശേഷം ഉയിർപ്പിച്ച് അക്ഷയരാക്കുകയും ചെയ്യുന്ന ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ.

വയലിൽപ്പുലരും പുൽക്കൊടിപോലെ
ജീവിതമിളയിൽ;
ഓർത്തോർത്തിനിയും നൈരാശ്യമൊടേ
വിലപിക്കരുതേ.

സ്ഫുടമായ്ക്കേൾക്കാം പുനരുത്ഥാനം
നവജീവിതവും
അറിയിച്ചുയരും സുവിശേഷത്തിൻ
തിരുസന്ദേശം

വാഗ്ദാനങ്ങൾ തിങ്ങിമുഴങ്ങും
കാഹളനാദം
ആകാശത്തിൻ സീമകളെല്ലാം
മുഖരിതമാക്കും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തിരുലിഖിതങ്ങൾ വായിച്ചവതൻ
വ്യാഖ്യാനങ്ങൾ
ശരിയായ് നല്കാൻ നിങ്ങൾക്കിനിയും
കഴിവില്ലേതും.

"സ്ത്രീപുരുഷന്മാരന്തരമിയലാ-
തുത്ഥാനത്തിൽ
സ്വർഗ്ഗംതന്നിൽ ദൂതർകണക്കേ
രാജിക്കുന്നു."

മൃതനായ് മിശിഹാ മൂന്നാംദിവസം
ജീവൻനേടി;
ഭീകരമൃതിതൻ ചങ്ങലയേവം
പൊട്ടിനുറുങ്ങി.

മൃതിയുടെ കൊടുതാം കോട്ടകളെല്ലാം
തട്ടിനിരത്തി
നാഥൻ നവമായുത്ഥാനത്തിൻ
പാത തുറന്നു.

സ്വർഗ്ഗമണഞ്ഞോരജസുതനിനിയും
ജയലാളിതനായ്
വരുമീധരയിൽ കുരിശിൻ പ്രഭയാൽ
പരിവേഷ്ടിതനായ്.

ആകാശത്തിൽ ദൂതന്മാരും
ധരമേൽ നരരും
അക്ഷമരായ് നിൻ ആഗമദിവസം
പാർത്തുകഴിപ്പൂ.

വീട്ടെജമാനൻ പ്രതിഫലമേകാ-
നെത്തും ദിവസം
വേഗം പുലരാൻ ഭൃത്യഗണങ്ങൾ
നോക്കിയിരിപ്പൂ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മണവാളൻ വന്നെത്തുന്നേരം
മണവറ ചേരാൻ
തിരികൾ തെളിച്ചാക്കന്യാമണികൾ
കാത്തുകഴിപ്പൂ.

നിശ്ചഞ്ചലരായ് ദൂതന്മാരും
തിരുസന്നിധിയിൽ
ആദരപൂർവ്വം കാഹളമൂതാ-
നണിനിൽക്കുന്നു.

'ഓശാന'കളാലെതിരേല്പതിനായ്
പരിശുദ്ധന്മാർ
ആകാശത്തിൻ മണിവാതിൽക്കൽ
നിലകൊള്ളുന്നു.

മരണത്താലേ വിജയമണിഞ്ഞോ-
രുന്നതനൃപനായ്
പരിമളമുതിരും പുഷ്പകിരീടം
നിർമ്മിക്കുന്നു.

സുകൃതസുമങ്ങൾ ചാർത്തിയൊരുങ്ങി
സമലംകൃതരായ്
വരുവിൻ, വരുവിൻ നൃപനെ മുറപോ-
ലെതിരേല്പതിനായ്.

സെമിത്തേരിയിലെത്തുമ്പോൾ

**കാർമ്മി:** കർത്താവേ, നിന്റെ ദാസന്റെ (ദാസിയുടെ) ആത്മാവിനെ നീതിമാന്മാരുടെ രാജ്യത്തു പ്രവേശിപ്പിക്കണമേ.

**സമൂഹം:** അയാൾക്കു നിത്യാശ്വാസം കൊടുക്കുകയും ചെയ്യണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## കുഴിവെഞ്ചരിപ്പ്

**കാർമ്മി:** മണ്ണിൽനിന്നു മനുഷ്യനെ സൃഷ്ടിക്കുകയും അവനെ മരണവിധേയനാക്കുകയും ചെയ്യുന്ന ദൈവമേ, നിന്റെ വിശുദ്ധന്മാർ വിശ്രമംകൊള്ളുന്ന കബറിടം എത്ര മനോഹരമാകുന്നു! വിശുദ്ധ മാമോദീസായാൽ മുദ്രിതവും പരിശുദ്ധ കുർബ്ബാനയാൽ പരിപുഷ്ടവും വിശുദ്ധ തൈലത്താൽ അഭിഷിക്തവുമായ ഈ ശരീരത്തിനു നിന്റെ ദിവ്യപുത്രന്റെ രണ്ടാമത്തെ ആഗമനംവരെ വിശ്രമം നൽകേണ്ട ഈ കബറിടം നീ പവിത്രീകരിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

പുരോഹിതർ ധൂപം വാഴ്ത്തുന്നു.

**കാർമ്മി:** സോപ്പാകൊണ്ടു നീ എന്നെ തളിക്കുക: ഞാൻ നിർമ്മലനാകും.

കർത്താവേ, നിന്റെ അനുഗ്രഹത്തിന്റെ ദിവ്യജലത്താൽ ഈ ആളെ ആശ്വസിപ്പിക്കണമേ.

മൃതശരീരത്തിൻമേൽ കുരിശാകൃതിയിൽ വിശുദ്ധ പനിനീർ തളിക്കുന്നു.

അതിൽ എന്നെ കഴുകുക: ഞാൻ മഞ്ഞിനേക്കാൾ വെണ്മയുള്ളവനാകും.

കർത്താവേ, നിന്റെ അനുഗ്രഹത്തിന്റെ ദിവ്യജലത്താൽ ഈ കബറിടം പവിത്രീകരിക്കണമേ.

കുഴിയിൽ കുരിശാകൃതിയിൽ വിശുദ്ധ പനിനീർ തളിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കുരിശുവഴിയായി നമ്മെ രക്ഷിച്ച പുത്രനും സ്തുതിയും ബഹുമാനവും സമർപ്പിക്കാം.

പുരോഹിതൻ മൃതശരീരത്തെ ഈരണ്ടുവീതം മൂന്നു പ്രാവശ്യം ധൂപിക്കുന്നു.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ഞങ്ങളുടെ പ്രാർത്ഥനകൾ പരിമളധൂപം പോലെ നിന്നെ പ്രസാദിപ്പിക്കട്ടെ.

പുരോഹിതൻ കുഴി ഈരണ്ടുവീതം മൂന്നുപ്രാവശ്യം ധൂപിക്കുന്നു.

## കുന്തുരുക്കമിടൽ

**കാർമ്മി:** "മനുഷ്യാ, നീ പൊടിയാകുന്നു; പൊടിയിലേക്കുതന്നെ മടങ്ങും" എന്ന് അരുളിച്ചെയ്ത സകലത്തിന്റെയും നാഥനായ ദൈവം നിന്നെ ഉയിർപ്പിന്റെ മഹത്വത്തോടുകൂടെ അവസാനദിവസം തന്റെ വലത്തുഭാഗത്തു നിറുത്തട്ടെ. നീ സ്വീകരിച്ച വിശുദ്ധ കൂദാശകൾ അത്യുന്നത ദൈവത്തിന്റെ ന്യായാസനത്തിങ്കൽ നിന്നെ സഹായിക്കട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

**കാർമ്മി:** മനുഷ്യാ, നീ പൊടിയാകുന്നു; പൊടിയിലേക്കുതന്നെ മടങ്ങുമെന്ന് ഓർത്തുകൊള്ളുക.

പുരോഹിതൻ മൃതശരീരത്തിന്മേൽ കുന്തുരുക്കമിടുന്നു. പെട്ടി മൂടിയശേഷം കുഴിയിലേക്ക് ഇറക്കുന്നു. തത്സമയം താഴെകൊടുത്തിരിക്കുന്ന ഗാനം പാടുന്നു. മറ്റുള്ളവർ കുഴിയിൽ കുന്തുരുക്കമിടുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

സൂചന: ബന്ധപ്പെട്ടവർ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രമേ താഴെക്കാണുന്ന ചെറിയ ഒപ്പീസു നടത്തേണ്ട തുള്ളൂ. അല്ലെങ്കിൽ തുടർന്നുള്ള മൂന്നു പ്രാർത്ഥനകൾ ചൊല്ലി അവസാനിപ്പിക്കുന്നു,

## ഗാനം

(മൽക്കാ മിശിഹാ)

*എന്റെ കർത്താവേ, നിന്നെ ഞാൻ പ്രകീർത്തിക്കും*

മഹിമയൊടന്തിമവിധിനാളിൽ
കർത്താവേ, നീയണയുമ്പോൾ
കരുണയൊടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ.

*കർത്താവേ, നിന്നെ ഞാനാശ്രയിച്ചു.*

കർത്താവേ നിൻ കുരിശിനെ ഞാ-
നാരാധിച്ചുവണങ്ങുന്നു:
അതു താൻ ഞങ്ങൾക്കുത്ഥാനം
രക്ഷയുമുയിരും നൽകുന്നു

*ആകാശവും ഭൂമിയും നിന്റേതാകുന്നു.*

ആകാശവുമീ ഭൂതലവും
താവകമല്ലോ കർത്താവേ,
ജീവിക്കുന്നവനഭയം നീ
നല്കണമേ; മൃതനായുസ്സും

*അവരാനന്ദകീർത്തനങ്ങൾ പാടും*

മൃതരാം നരരുടെ പാപങ്ങൾ
മായ്ക്കണമേ നിൻ കൃപയാലേ:

margam
Digital Library of Christianity in India
www.marggam.com



മാമോദീസാ വഴിയങ്ങേ
സുതരാണവരെന്നോർക്കണമേ.

*അവന്റെ സന്തോഷത്തിൽ അവരാനന്ദിക്കും*

കർത്താവേ, നിൻ ശോണിതവും
ദിവ്യശരീരവുമറിവോടെ
ഉൾക്കൊണ്ടവരാം നിൻസുതരേ
നിത്യവിരുന്നിൽ ചേർക്കണമേ.

*അവരിലാരും അവശേഷിച്ചില്ല.*

മഴപെയ്യുമ്പോൾ വയലുകളിൽ
വിത്തുകൾ പൊട്ടിമുളയ്ക്കുന്നു:
കാഹളനാദം കേൾക്കുമ്പോൾ
മൃതരിൽ ജീവനുദിക്കുന്നു.

*ആദിമുതലുള്ളവയെല്ലാം.*

തെളിവായെന്നുടെ നാഥാ നിൻ
തിരുമിഴിയെല്ലാം കാണുന്നു:
നിരവധിയാമെൻ പാപങ്ങൾ
നിരയായെണ്ണി വിധിക്കല്ലേ.

*പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

ബാവാപുത്രൻ റൂഹായേ,
മൃതനാമെന്നിൽക്കനിയേണം
ജീവൻ നൽകി മഹോന്നതമാം
പ്രഭയുടെ നാട്ടിൽച്ചേർക്കേണം.

*ആദിമുതൽ എന്നേയ്ക്കും ആമ്മേൻ*

സർവ്വാധിപനാം കർത്താവേ,
നിന്നെ വണങ്ങി നമിക്കുന്നു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഈശോമിശിഹാ, ഞങ്ങളിതാ,
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

*ജനമെല്ലാം പ്രകീർത്തിക്കട്ടെ*

ഞങ്ങടെ മർത്യശരീരങ്ങൾ-
ക്കുത്ഥാനം നീയേകുന്നു:
നാഥാ, ഞങ്ങടെയാത്മാവും
രക്ഷിക്കുന്നവനല്ലോ നീ.

*ആമ്മേൻ ആമ്മേൻ എന്നുദ്ഘോഷിക്കുവിൻ*

സർവ്വേശാ, നീ പരിശുദ്ധൻ
ബലവാനേ, നീ പരിശുദ്ധൻ;
നിത്യനമർത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമേ.

**കാർമ്മി:** പാപിനിക്കു പൊറുതി കൊടുത്ത് അവളെ വിശുദ്ധീകരിച്ച കർത്താവേ, നിന്റെ അനുഗ്രഹത്താൽ മരിച്ചവരെ വിശുദ്ധീകരിക്കണമേ. മാലാഖമാരോടുകൂടെ സ്വർഗ്ഗത്തിൽ നിന്നെ സ്തുതിക്കുവാൻ അവരെ യോഗ്യരാക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** മരിച്ചവരെ ഉയിർപ്പിക്കുന്നവനും, അവർക്കു നിത്യാശ്വാസം കൊടുക്കുന്നവനുമായ കർത്താവേ, നിന്നെ ഞങ്ങൾ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## ബോധനഗാനം

(പുരുഷന്മാർക്ക്)

(ബ്ഹദ്മിൻയൗമീൻ...)

**കാർമ്മി:** നാഥനണഞ്ഞിടുമന്തിമനാളിൽ
കാരുണ്യമെഴും വിധിയാൽ വാനവരാജ്യം നേടും
മനജനുഭാഗ്യം.

**സമൂഹം:** നാഥനണിഞ്ഞിടു...

**കാർമ്മി:** കറയറ്റവനായ്ച്ചിരമഹിമാവിൽ
മിന്നിവിളങ്ങും മുഖമൊടു കല്ലറവിട്ടെഴുന്നേൽക്കും
മനുജനുഭാഗ്യം.

**സമൂഹം:** നാഥനണഞ്ഞിടു...

**കാർമ്മി:** "വരിക നിനക്കായാദിമുതൽ ഞാൻ
കരുതിയരാജ്യം നേടുക" നാഥനിൽ
നിന്നിതു കേൾക്കും
മനുജനുഭാഗ്യം.

**സമൂഹം:** നാഥനണഞ്ഞിടു...

(സ്ത്രീകൾക്ക്)

(യാദാഹുശാവേ...)

**കാർമ്മി:** മിശിഹാ കർത്താവിൻദാസീ വിധിനാളിൽ
കാഹളസംഗീതം നിന്നെ വിളിക്കട്ടെ
മഗ്ദലമറിയമണിഞ്ഞൊരു
വെൺമഹിമദ്യുതിയോടെ

**സമൂഹം:** മിശിഹാ കർത്താവിൻ...

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**കാർമ്മി:** നിർമ്മലചരിതകളാം സാറാ, ഏലീശ്വാ
മർത്തയോടുംകൂടെ കടശിയിലുത്ഥാനം
നിതരാം കനിവാർന്നരുളട്ടെ കർത്താവഖിലേശൻ

**സമൂഹം:** മിശിഹാ കർത്താവിൻ...

**കാർമ്മി:** മൃതിയോർത്തിനി നിങ്ങൾ കദനം തുടരാതെ
രക്ഷാവചനങ്ങൾ കേട്ടു നടന്നിടുവിൻ:
പുനരുത്ഥാനം വരുമല്ലോ: മരണമുറക്കം താൻ.

**സമൂഹം:** മിശിഹാ കർത്താവിൻ....

## സങ്കീർത്തനം

### (പുരുഷന്മാർക്ക്)

**ശുശ്രൂ:** ദൈവമേ; എന്റെ പാപങ്ങൾ കഴുകിക്കളയണമേ. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു (സങ്കീ. 51)

ദൈവമേ എന്റെ പാപങ്ങൾ കഴുകിക്കളയണമേ:
എന്റെ തെറ്റുകൾ തുടച്ചുമാറ്റണമേ.

എന്തുകൊണ്ടെന്നാൽ എന്റെ പാപങ്ങൾ ഞാനറിയുന്നു:
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

നിനക്കെതിരായി ഞാൻ പാപം ചെയ്തുപോയി:
നിന്റെ സന്നിധിയിൽ ഞാൻ തിന്മകൾ പ്രവർത്തിച്ചു.

എന്റെ പാപങ്ങളിൽനിന്നു മുഖം തിരിച്ചുകളയണമേ:
എന്റെ കുറ്റങ്ങളെല്ലാം തുടച്ചുമാറ്റുകയും ചെയ്യണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**ശുശ്രൂ:** ദൈവമേ, എന്റെ പാപങ്ങൾ കഴുകിക്കളയണമേ. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**(സ്ത്രീകൾക്ക്)**

**ശുശ്രൂ:** കാട്ടരുവി തേടിനടക്കുന്ന മാൻപേടയെപ്പോലെ കർത്താവേ, നിന്നെ ഞാൻ തേടിവിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടുഗണമായി തുടരുന്നു (സങ്കീ. 41)

കാട്ടരുവി തേടിനടക്കുന്ന മാൻപേടയെപ്പോലെ
കർത്താവേ, നിന്നെ ഞാൻ തേടിവിളിക്കുന്നു.

സജീവനായ ദൈവത്തെ ഞാൻ ദാഹിക്കുന്നു:
ഞാൻ എപ്പോൾ എന്റെ ദൈവത്തെ കാണും?

രാവും പകലും ഞാൻ കണ്ണീരു കുടിക്കുന്നു:
എന്തുകൊണ്ടെന്നാൽ "നിന്റെ ദൈവം എവിടെ" എന്ന്
അവർ നിത്യവും എന്നെ പരിഹസിക്കുന്നു.

എന്റെ ആത്മാവേ, നീ എന്തിനു നിരാശപ്പെടുന്നു?
നീ എന്തിനു വിഷാദിച്ചു കലങ്ങുന്നു?
നീ ദൈവത്തിലാശ്രയിക്കുക.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** കാട്ടരുവി തേടിനടക്കുന്ന മാൻപേടയെപ്പോലെ കർത്താവേ, നിന്നെ ഞാൻ തേടിവിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം നമുക്കു സമാധാനം.

**കാർമ്മി:** സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ, ആ ശബ്ദം മഹനീയമായ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നീതിവിധിയുടെ ദിവസത്തിൽ നിന്റെ ദാസനെ (ദാസിയെ) വിളിക്കയും നിന്റെ വലത്തുഭാഗത്തു നിറുത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്നവനും കരുണനിറഞ്ഞവനും നീതിമാനുമായ വിധികർത്താവേ, ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

**കാർമ്മി:** കർത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ മഹിമയോടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** സകലത്തിന്റെയും നാഥനായ ദൈവം തന്റെ നീതിമാന്മാരോടും വിശുദ്ധരോടുംകൂടെ ഉൽകൃഷ്ടമായ ഉയിർപ്പും മഹനീയമായ നിത്യജീവനും നൽകി സ്വർഗ്ഗരാജ്യമാകുന്ന ഓർശ്ലത്തേക്ക് ഈ ആളെ പ്രവേശിപ്പിക്കുമാറാകട്ടെ. നമ്മിൽനിന്നു വേർപെട്ടുപോയ മിശിഹായുടെ മൗതികശരീരത്തിലെ ഈ അംഗത്തെ അനുഗമിക്കുകയും, ഈ മൃതസംസ്കാരത്തിൽ സഹകരിച്ച് ഈ ആളെ ബഹുമാനിക്കുകയും ചെയ്ത നിങ്ങളെല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ. അവിടുത്തെ കൃപ നിരന്തരം നിങ്ങളിൽ വസിക്കയും അവിടുത്തെ കാരുണ്യം നിത്യം നിങ്ങളെ അനുഗമിക്കുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ.

എല്ലാവരും കുരിശുതൊട്ടു നമസ്കരിച്ചു പിരിഞ്ഞു പോകുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# മൃതസംസ്കാരം

(കുട്ടികളുടെ)

## 1. വീട്ടിൽ

കാർമ്മികൻ തിരുവസ്ത്രങ്ങൾ ധരിച്ചു മൃതശരീരത്തിന്റെയടുക്കൽ ചെന്നുനില്ക്കുന്നു.

**കാർമ്മി:** പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ

**കാർമ്മി:** കാരുണ്യവാനായ കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കയും, മഹനീയമായ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയെ വാഴ്ത്തുകയും ചെയ്യുന്നു. അങ്ങയുടെ കല്പനയനുസരിച്ച് ഇളംപ്രായത്തിൽത്തന്നെ ലോകംവിട്ട് അങ്ങയുടെ പക്കലേക്കു യാത്ര പുറപ്പെട്ടിരിക്കുന്ന ഈ കുട്ടിയെ അനുഗ്രഹിക്കേണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

സങ്കീർത്തനം: 148

**ശുശ്രൂ:** ആകാശമണ്ഡലത്തിൽ
കർത്താവിനെ സ്തുതിക്കുവിൻ

മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സമൂഹം രണ്ടു ഗണമായി തുടരുന്നു

ആകാശമണ്ഡലത്തിൽ
കർത്താവിനെ സ്തുതിക്കുവിൻ

അത്യുന്നതങ്ങളിൽ
അവിടുത്തെ പുകഴ്ത്തുവിൻ

കർത്താവിന്റെ മാലാഖമാരേ,
അവിടുത്തെ സ്തുതിക്കുവിൻ

മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളേ,
കർത്താവിനെ പുകഴ്ത്തുവിൻ.

അഗ്നിയും മഞ്ഞും
കർത്താവിനെ സ്തുതിക്കുവിൻ.

കാറ്റേ, കൊടുങ്കാറ്റേ,
കർത്താവിനെ സ്തുതിക്കുവിൻ

അവിടുത്തെ ഒറ്റവാക്കാൽ
അവയെല്ലാം സൃഷ്ടിക്കപ്പെട്ടു.

ഫലവൃക്ഷങ്ങളേ, ദേവദാരുക്കളേ,
കർത്താവിനെ സ്തുതിക്കുവിൻ.

യുവാക്കളേ, കന്യകമാരേ,
കർത്താവിനെ സ്തുതിക്കുവിൻ.

വൃദ്ധരേ, ശിശുക്കളേ,
കർത്താവിന്റെ നാമം പ്രകീർത്തിക്കുവിൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**ശുശ്രൂ:** ആകാശമണ്ഡലത്തിൽ
കർത്താവിനെ സ്തുതിക്കുവിൻ

മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** മണ്ണിൽനിന്ന് ആദത്തെ സൃഷ്ടിച്ചവനും, അയാളുടെ സന്താനങ്ങളെ ഉത്ഥാനംവഴി നവീകരിക്കുന്നവനുമായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ ജീവിതത്തോടു അന്ത്യയാത്ര പറയുന്ന ഈ കുട്ടിയെ അനുഗ്രഹിക്കുകയും, ദുഃഖാർത്തരായിരിക്കുന്ന മാതാപിതാക്കന്മാരേയും ബന്ധുമിത്രങ്ങളെയും ആശ്വസിപ്പിക്കുകയും ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

## ഗാനം

(വയലിൽപ്പൂലരും...)

വിടരും മുമ്പേ വീണു കരിഞ്ഞു
വത്സലകുസുമം:
പുഞ്ചിരിവിരിയും സുന്ദരവദനം
കാണില്ലിനി നാം

സുതരുടെ മരണം ദുസ്സഹവിരഹം
ജനകരിലെന്നും
തോരാമിഴിനീർ തീർത്തിടുമുലകിൽ
തീരാദുഃഖം

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ദൈവം തന്നു; ദൈവംതന്നെ
തിരിയെ വിളിച്ചു:
പരമാരാധ്യം തിരുമനസ്സുലകിൽ
വാഴ്ത്തുക നമ്മൾ.

കല്ലുകളിൽനിന്നബറാഹത്തി-
ന്നാത്മജനിരയെ
വിരവൊടുയർത്താൻ സർവ്വാധിപനാ-
മീശനു കഴിയും.

പിഞ്ചുദലങ്ങൾ വീണുകൊഴിഞ്ഞോ-
രോമനസൂനം
ശാശ്വതമലരായംബരവനിയിൽ
പ്രഭയൊടു വിരിയും.

## സുവിശേഷം

**കാർമ്മി:** വിശുദ്ധ മാർക്കോസ് എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം (10:13-16).

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമ്മി:** ഈശോ കുട്ടികളുടെമേൽ കൈവച്ച് അനുഗ്രഹിക്കുവാൻവേണ്ടി അവരെ ജനങ്ങൾ അവിടുത്തേപക്കൽ കൊണ്ടുചെന്നു. എന്നാൽ ശിഷ്യന്മാർ ആ ജനങ്ങളെ ശകാരിക്കുകയാണു ചെയ്തത്. അപ്പോൾ ഈശോ തന്റെ ശിഷ്യന്മാരെ കുറ്റപ്പെടുത്തിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: "കുട്ടികൾ എന്റെയടുക്കൽ വന്നുകൊള്ളട്ടെ. നിങ്ങൾ അവരെ തടയേണ്ട. എന്തെന്നാൽ ഇങ്ങനെയുള്ളവരുടേതാണു സ്വർഗ്ഗരാജ്യം. കുട്ടികളെപ്പോലെയുള്ളവർ മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയുള്ളൂവെന്നു ഞാൻ നിങ്ങളോടു പറയുന്നു."

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അനന്തരം അവിടുന്ന് ആ കുട്ടികളെ ആശ്ലേഷിക്കുകയും കൈനീട്ടി അവരെ അനുഗ്രഹിക്കുകയും ചെയ്തു.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമ്മി:** ദുഃഖിതരെ ആശ്വസിപ്പിക്കുന്ന കാരുണ്യവാനായ ദൈവമേ, വത്സലപുത്രന്റെ (പുത്രിയുടെ) വേർപാടിൽ ദുഃഖിതരായിരിക്കുന്ന മാതാപിതാക്കന്മാരെയും ബന്ധുമിത്രാദികളെയും ആശ്വസിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു: ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്വർഗ്ഗീയദൂതനെ അയച്ച് പാരത്രികമായ സമാധാനത്താൽ ഇവരുടെ ആത്മാക്കളെ നിറയ്ക്കുകയും, ദൈവതിരുമനസ്സിനു കീഴ്വഴങ്ങുവാനുമുള്ള ശക്തി ഇവർക്കു നൽകുകയും ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

## ബോധനഗാനം

(പുലരിയിലങ്ങേ...)

**കാർമ്മി:** മൊട്ടുവിടർന്നൊരു മലരുണ്ടായ്
മലരിനു സുന്ദരനിറമുണ്ടായ്
വളരും മുമ്പേ മരണമതിൻ
തണ്ടുകരണ്ടതുണങ്ങിപ്പോയ്

**സമൂഹം:** മൊട്ടുവിടർന്നൊരു...

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**കാർമ്മി:** സ്നേഹം നിറയും മാതാവേ,
വത്സലമാതാ, കരയരുതേ;
പറുദീസായിൽ നിങ്ങൾക്കായ്
വസതിയൊരുക്കാൻ പോകുന്നേൻ

മൃതശരീരത്തിൻമേൽ പനിനീർ തളിക്കുന്നു.

**സമൂഹം:** മൊട്ടുവിടർന്നൊരു...

**കാർമ്മി:** വത്സലരാമെൻ സോദരരേ,
സ്നേഹിതഗണമേ, കരയരുതേ;
നീണ്ടൊരുജീവിതമഖിലേശൻ
നിങ്ങൾക്കവനിയിലരുളട്ടെ.

മൃതശരീരം ധൂപിക്കുന്നു.

**സമൂഹം:** മൊട്ടുവിടർന്നൊരു...

## മറ്റൊന്ന്

**(ആൺകുട്ടികൾക്കു മാത്രം)**

(പുലരിയിൽ...)

**കാർമ്മി:** സൗഭാഗ്യത്തിൻ പറുദീസാ
കുഞ്ഞുങ്ങൾക്കു തുറന്നരുളും
ശിശുവത്സലനാം കർത്താവേ
മൃതരിൽക്കനിയണമഖിലേശാ

**സമൂഹം:** സൗഭാഗ്യത്തിൻ...

**കാർമ്മി:** വത്സലനിധിയാം മാതാവേ,
കരയരുതുന്നതപറുദീസാ
കൈകൾകാട്ടി വിളിക്കുന്നു.
ഞാനിനിയെന്തിനു വൈകുന്നു?

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മൃതശരീരത്തിന്മേൽ പനിനീർ തളിക്കുന്നു.

**സമൂഹം:** സൗഭാഗ്യത്തിൽ...

**കാർമ്മി:** തനയനെയോർത്തു നിരാശയൊടേ
വത്സലതാതാ, കരയരുതേ;
അബ്രാഹത്തിൻ ബലിപോലീ-
സുതനെക്കാഴ്ചയണയ്ക്കണമേ.

മൃതശരീരം ധൂപിക്കുന്നു

**സമൂഹം:** സൗഭാഗ്യത്തിൻ...

മൃതശരീരം വീട്ടിൽനിന്നെടുത്ത് താഴെക്കാണുന്ന ഗാന മാലപിച്ചുകൊണ്ടു പള്ളിയിലേക്കു കൊണ്ടുപോകുന്നു.

**ഗാനം**

(ഉന്നതവാനിടമേ...)

*അങ്ങയുടെ സഹായം എന്നെ ഉദ്ധരിക്കട്ടെ.*

ദൈവം സുകൃതികളെക്കാത്തുഭരിക്കുന്നു:
കടശിയിലുന്നതമാം സ്വർഗ്ഗവുമരുളുന്നു.

*എന്റെ ആത്മാവിനെ സന്തോഷിപ്പിക്കണമേ.*

അനഘമനോഹരമാം ജീവിതചര്യകളാൽ
അവനിയിലീശനു നീ മോദമണച്ചല്ലോ.

*ദൈവം നിന്റെ സങ്കേതമാകുന്നു.*

നൂതനമോഹനമാം നാകസുഖം നുകരാൻ
കനിവൊടു ദൈവമിതാ നിന്നെ വിളിക്കുന്നു.

*അവിടുന്നു വിശ്വസ്തനാകുന്നു.*

പോവുക പോവുക നീ പാവന പൂവനിയിൽ
പൊൻമണിവീണയിലേ ചിൻമയഗാനവുമായ്:

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*നീതിമാന്മാർ ഉല്ലസിച്ചാനന്ദിക്കും.*

മംഗളഗീതികളാൽ വന്ദനമോതിടുവാൻ
അംബരവേദിയിതാ ചേലിലൊരുങ്ങുന്നു.

*എന്നോടു കരുണ കാണിക്കണമേ.*

ആദം ദൈവത്തിൻ കല്പന നിരസിച്ചു
മാനവകുലമെല്ലാം മൃതിയുടെയടിമകളായ്.

*അവിടുന്നു നമ്മുടെ അഭയമാകുന്നു.*

ദൈവമരുൾ ചെയ്തു: "മാനവരക്ഷയ്ക്കെൻ
തനയനെ നൽകുന്നു; മോദമിയന്നിടുവിൻ."

*പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

മിശിഹാ കർത്താവേ, നിന്നുടെയാഗമനം
ഞങ്ങളിലുന്നതമാമാശവളർത്തുന്നു.

*ആദിമുതൽ എന്നേയ്ക്കും ആമ്മേൻ*

പാപപ്പരിഹാരം നേടിയ ദൈവസുതൻ
മർത്യനു മോചനവും ജീവനുമേകുന്നു.

## ദേവാലയത്തിൽ

മൃതശരീരം ദേവാലയത്തിൽ സ്ഥാപിച്ച ശേഷം താഴെക്കാണുന്ന പാട്ടുപാടുന്നു.

### ഗാനം

(മാറൻ ആസേ...)

*അവരതുപറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.*

അണയുന്നീശോ മൃതരാമഖിലർക്കും
ജീവനുമതുപോൽ ശരണവുമരുളീടാൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*കർത്താവിനെ ഞാൻ നിരന്തരം പ്രകീർത്തിക്കും.*

മൃതിയാൽത്തന്നെ മൃതിയുടെ കയ്പെല്ലാം
കഴുകിയ നാഥാ, നിന്നെ നമിക്കുന്നേൻ.

*അവൻ ശബ്ദമുയർത്തിയപ്പോൾ ഭൂമികുലുങ്ങി*

മിശിഹാനാഥൻ ശബ്ദമുയർത്തുമ്പോൾ
കല്ലറപിളരും മൃതരുടനെഴുന്നേല്ക്കും.

*വിശുദ്ധർക്കു പ്രകാശമുദിച്ചു.*

കനകപ്രഭയിൽ കബറിടമൊളിചിന്നും
അതിലുള്ളവരോ നാഥനു പുകൾപാടും

*ചെറിയവരും വലിയവരും.*

പ്രിയരേ, നിങ്ങൾ കരയരുതഖിലേശൻ
പുനരുത്ഥാനം നല്കാൻ വരുമല്ലോ.

**ശുശ്രൂ:** പ്രാർത്ഥിക്കാം നമുക്കു സമാധാനം

**കാർമ്മി:** അനന്തമായ സ്നേഹത്താൽ ഞങ്ങളെ സൃഷ്ടിക്കയും അതുല്യമായ കാരുണ്യത്താൽ ഞങ്ങളെ രക്ഷിക്കയും ചെയ്ത ദൈവമേ, ഈ കുട്ടിയുടെ നിഷ്കളങ്കമായ പ്രാർത്ഥന ഞങ്ങൾക്ക് ആശ്വാസവും പ്രതീക്ഷയും പ്രദാനം ചെയ്യട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

താഴെക്കാണുന്ന പാട്ടുപാടിക്കൊണ്ടു മൃതശരീരം സെമിത്തേരിയിലേക്കു കൊണ്ടുപോകുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## ഗാനം

(ശ്മാ ആലാഹാ ശാമാ...)

*"എനിക്കു നീ പ്രകാശം നൽകണമേ"*

ഉലകിൻ ദീപം നീ
നിരതം നിന്നെപ്പിന്തുടരും
നരനെ കനിവോടേ
തൃക്കൺപാർക്കണമേ.

*"എന്റെ കണ്ണുകൾ പ്രകാശിപ്പിക്കണമേ."*

കരുണാനിലയനമേ,
ഓശാനകളാലെതിരേല്ക്കാൻ
കനിവിൻ ദിവ്യവരം
ഞങ്ങൾക്കരുളണമേ.

*"നിന്റെ പ്രകാശത്തിൽ ഞങ്ങൾ ജീവിക്കുന്നു."*

ഇരുളിൻ കല്ലറയിൽ
നിൻ കിരണങ്ങൾ പരന്നപ്പോൾ
ജീവൻ കതിരിട്ടു;
മൃതരുടനെഴുന്നേറ്റു.

*"നീതിമാനെ അവിടുന്ന് ഉപേക്ഷിക്കുകയില്ല"*

വന്നു ലോകത്തിൽ
ചെറിയൊരുകാലം ജീവിച്ചു;
ദൈവം തൻ സുതനെ (യെ)
തിരിയെ വിളിക്കുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*"അങ്ങുന്ന് അവരെയെല്ലാം രക്ഷിച്ചു"*

നാഥാ, സകലേശാ,
വത്സലരാം നിൻ തനയർക്കായ്
സദയം നാകത്തിൻ
വാതിൽ തുറക്കണമേ

## കുഴിവെഞ്ചരിപ്പ്

മൃതശരീരം കുഴിയുടെ സമീപത്തു വയ്ക്കുന്നു.

**കാർമ്മി:** മണ്ണിൽനിന്നു മനുഷ്യനെ സൃഷ്ടിക്കുകയും അവനെ മരണവിധേയനാക്കുകയും ചെയ്യുന്ന ദൈവമേ, അങ്ങയുടെ വിശുദ്ധന്മാർ വിശ്രമംകൊള്ളുന്ന കബറിടം എത്ര മനോഹരമാകുന്നു. വിശുദ്ധ മാമോദീസായാൽ മുദ്രിതമായ ഈ ശരീരത്തിനു ലോകാവസാനംവരെ വിശ്രമം നൽകേണ്ട ഈ കബറിടം ✠ വിശുദ്ധീകരിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

പനിനീർക്കുപ്പിയെടുക്കുന്നു.

**കാർമ്മി:** സോപ്പാകൊണ്ട് എന്നെ തളിക്കണമേ: ഞാൻ നിർമ്മലനാകും, അതിൽ എന്നെ കഴുകണമേ; ഞാൻ മഞ്ഞിനേക്കാൾ വെൺമയുള്ളവനാകും.

കർത്താവേ, അങ്ങേ അനുഗ്രഹത്തിന്റെ ദിവ്യജലത്താൽ ഈ കുട്ടിയെ ആശീർവദിക്കുകയും ✠ ഈ കബറിടം വിശുദ്ധീകരിക്കുകയും ✠ ചെയ്യണമേ.

✠ മൃതശരീരത്തിന്മേലും കബറിടത്തിലും പനിനീർ തളിക്കുന്നു.

**സമൂഹം:** ആമ്മേൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ധൂപക്കുറ്റിയെടുക്കുന്നു.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

കുരിശുവഴിയായി നമ്മെ രക്ഷിച്ച പുത്രനു സ്തുതിയും ബഹുമാനവും സമർപ്പിക്കാം. ഞങ്ങളുടെ പ്രാർത്ഥന പരിമള ധൂപംപോലെ അങ്ങയെ പ്രസാദിപ്പിക്കട്ടെ ✠

✠ മൃതശരീരവും കബറിടവും ധൂപിക്കുന്നു.

**സമൂഹം:** ആമ്മേൻ

## കുന്തുരുക്കമിടൽ

പുരോഹിതൻ താഴെക്കാണുന്ന വാചകം ചൊല്ലിക്കൊണ്ടു മൃതശരീരത്തിന്മേൽ കുന്തുരുക്കമിടുന്നു.

"മനുഷ്യാ, നീ മണ്ണാകുന്നു; മണ്ണിലേക്കുതന്നെ മടങ്ങുകയും ചെയ്യും."

മൃതദേഹപേടകം മൂടുന്നു.

**കാർമ്മി:** മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയും പ്രകാശവുമായ ദൈവമേ, പാപികളും ബലഹീനരുമായ ഞങ്ങളെ അനുഗ്രഹിക്കണമേ, പാപങ്ങൾ പൊറുക്കുന്നവനും കരുണനിറഞ്ഞവനുമായ വിധികർത്താവേ, ഈ കുട്ടിയുടെ ആത്മാവിനെ നിത്യപ്രകാശത്താൽ അലങ്കരിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, മരിച്ചവരെ അങ്ങു കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ നിത്യമഹത്വം അണിയിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ അനുഗ്രഹിക്കണമേ.

## സമാപന പ്രാർത്ഥന

**കാർമ്മി:** മരണത്തിന്റെ ചുടുകാറ്റടിച്ചു വാടിത്തളർന്ന ഈ കുസുമത്തെ, കർത്താവേ, അങ്ങു സ്വീകരിക്കണമേ. ബേസ്ലഹത്തുവച്ചു വധിക്കപ്പെട്ട ശിശുക്കളുടെ കൂട്ടത്തിലേക്ക് ഈ കുട്ടിയേയും അങ്ങു പ്രവേശിപ്പിക്കണമേ. ജറൂസലത്തുവച്ച് ഓശാനപാടിയ കുട്ടികളോടുകൂടെ ഈ ആത്മാവും നിത്യാനന്ദം അനുഭവിക്കട്ടെ. മാമോദീസ സ്വീകരിച്ചു പരിശുദ്ധിയുടെ വസ്ത്രത്താൽ അലംകൃതമായ ഈ ആത്മാവു നിത്യം പ്രകാശിക്കുന്ന സ്വർഗ്ഗീയപ്രഭയുടെ പരിവേഷമണിയട്ടെ. ഈ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച എല്ലാവരും അങ്ങയുടെ സമൃദ്ധമായ അനുഗ്രഹത്തിന് അർഹരായിത്തീരട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ.

മൃതദേഹപേടകം കുഴിയിലേക്ക് ഇറക്കുന്നു. എല്ലാവരും കുഴിയിൽ കുന്തുരുക്കമിട്ടശേഷം കുരിശുതൊട്ടു നമസ്കരിച്ചു പിരിഞ്ഞുപോകുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# വലിയ ഒപ്പീസ്

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂഹം:** ആമ്മേൻ

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനം പ്രത്യാശയും എപ്പോഴും എന്നേയ്ക്കും

**സമൂഹം:** ആമ്മേൻ

**കാർമ്മി:** സ്വർഗ്ഗസ്ഥനായ...

### ഒന്നാം ഭാഗം

**കാർമ്മി:** കർത്താവേ, നിന്റെ കാരുണ്യത്തെ ഞങ്ങൾ പുകഴ്ത്തുകയും, മനുഷ്യവർഗ്ഗത്തിന്റെ പാലകനായ നിന്റെ അനുഗ്രഹത്തെ ആരാധിക്കുകയും, നിന്റെ മഹനീയമായ ത്രിത്വത്തെ നിരന്തരം സ്തുതിക്കുകയും ചെയ്യുന്നു. എന്തു കൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

**ശുശ്രൂ:** കർത്താവേ, നീ ശാസിക്കുന്നതും ശിക്ഷിക്കുന്നതും കോപത്തോടുകൂടെയാവരുതേ: മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു: (സങ്കീ. 6)

marggam
Digital Library of Christianity in India
www.marggam.com



കർത്താവേ, നീ ശാസിക്കുന്നതും ശിക്ഷിക്കുന്നതും കോപത്തോടുകൂടെയാവരുതേ.

കർത്താവേ, എന്നോടു കരുണതോന്നണമേ:
എന്തുകൊണ്ടെന്നാൽ, ഞാൻ ദുർബലനാകുന്നു.

കർത്താവേ, എന്നെ സുഖപ്പെടുത്തണമേ:
എന്തുകൊണ്ടെന്നാൽ, എന്റെ അസ്ഥികൾ ഇളികിയിരിക്കുന്നു:
എന്റെ ആത്മാവ് അത്യന്തം അസ്വസ്ഥമായിരിക്കുന്നു.

കർത്താവേ, നീ എത്രത്തോളം വൈകും?
നീ എന്നെ തൃക്കൺപാർത്ത് എന്റെ ആത്മാവിനെ രക്ഷിക്കണമേ

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

**ശുശ്രൂ:** കർത്താവേ, നീ ശാസിക്കുന്നതും ശിക്ഷിക്കുന്നതും കോപത്തോടുകൂടെയാവരുതേ. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** കർത്താവേ, നിന്റെ കരുണ ഞങ്ങളെ അനുഗമിക്കുകയും നിന്റെ ദയാധിക്യം ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും ചെയ്യട്ടെ. നിന്റെ മഹനീയമായ ത്രിത്വത്തിന്റെ അനുഗ്രഹം ഞങ്ങളെ സഹായിക്കട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**ഗാനം**

(ലൈക്കാ ഏസൽ...)

*നിന്നിൽനിന്നു ഞാനെവിടെപ്പോകും?*

എവിടെയൊളിക്കും കർത്താവേ, നിൻ
സന്നിധിവിട്ടെങ്ങോടും ഞങ്ങൾ?
ആകാശം നിൻ പാർപ്പിടമല്ലോ
കരയും കടലും നിറയുന്നോനേ,
പാതാളത്തിലുമവിടുന്നല്ലോ
വാഴുന്നെവിടെയൊളിക്കും ഞങ്ങൾ?

*പൂർണ്ണമായെന്നെ നീയറിയുന്നു.*

പാപം വലുതാണതുപോലങ്ങേ
കൃപയും വലുതെന്നറിവൂ ഞങ്ങൾ
കാരുണ്യം നീ കാണിക്കായ്കിൽ
നരഗണമാകെ നശിക്കും നൂനം
നാഥാ നിന്നുടെ മാംസനിണങ്ങൾ
കൈക്കൊണ്ടവരെക്കൈവെടിയല്ലേ.

*എന്നെ സൃഷ്ടിച്ച് എന്റെമേൽ നീ കൈകൾവച്ചു.*

ആദിയിലലിവൊടു ജന്മം നൽകി
മർത്യനു നിന്നുടെ രൂപവുമേകി
പാപം ചെയ്തു നിനക്കെതിരായി
കോപം പൂണ്ടു നശിപ്പിക്കല്ലേ:
നാഥാ നിന്റെ അനുഗ്രഹപൂരം
വർഷിക്കണമേ ഞങ്ങളിലെല്ലാം.

*മഹിമയിൽ നിന്നു രാജകുമാരി*

ബലിപീഠത്തിൽ കൂടുചമയ്ക്കും
പ്രാവുകണക്കെ തിരുസഭ നിൽപ്പൂ:

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കൂടും തകർത്താപ്രാക്കളെയെല്ലാം
കുരുതി കഴിക്കാൻ സർപ്പമണഞ്ഞു.
കർത്താവേ, നിൻ ദിവ്യനിണത്താൽ
നേടിയ സഭയെക്കൈവെടിയല്ലേ.

*കടലിൽ യാത്ര ചെയ്യുന്നവർ*

ആഴികടക്കും വർത്തകരെപ്പോ-
ലൂഴിയിലങ്ങനെ നീങ്ങുന്നൂ നാം:
കരയെത്തുമ്പോൾ ധനമില്ലാത്തോർ
കരയും: മറ്റവരാനന്ദിക്കും:
ശാശ്വതമാം ധനമുള്ളവരെല്ലാ-
മന്ത്യദിനത്തിൽ വിജയം നേടും.

*നിന്റെ സന്നിധിയിൽനിന്നു ഞങ്ങളെ*
*തിരസ്കരിക്കരുതേ.*

അന്തിമദിവസം മർത്ത്യഗണത്തിൻ
ചെയ്തികൾ തൂക്കിയളക്കുന്നേരം
ത്രിത്വത്തിങ്കൽ ദൃഢവിശ്വാസം
പാലിച്ചവരാം ഞങ്ങൾക്കെല്ലാം
ആനന്ദത്തിൻ പറുദീസായിൽ
നൽകണമേ ചിരമക്ഷയ ജീവൻ.

*കർത്താവു എന്നെ കഠിനമായി ശിക്ഷിച്ചു.*

വേദനതിങ്ങിയ ജീവിതയാനം,
പെട്ടെന്നങ്ങു നിലച്ചുകഴിഞ്ഞു:
കർത്താവേ, നിൻ കല്പനയാലേ
അന്തിമയാത്ര പറഞ്ഞുകഴിഞ്ഞു:
വിധിദിവസം നിൻവിളി കേൾക്കുമ്പോൾ
സന്നിധിയണയാൻ വരമരുളേണം.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*നീതിമാനും സത്യമുള്ളവനും*

യൗനാനേകിയ സന്ദേശത്താൽ
നിനിവേനഗരി മനസ്സുതിരിഞ്ഞു:
അനുതാപത്തൊടു ചാക്കുമുടുത്താ-
ജനമെല്ലാമുപവാസമിരുന്നു:
കരുണാനിധിയാമുലകിൻ നാഥൻ
പൊറുതി നമുക്കും നൽകും നൂനം

*ജനങ്ങളേ, നിങ്ങളെല്ലാവരും ഇതു ശ്രവിക്കുവിൻ*

ഉപവാസത്താൽ ഹന്നനിയായും
കൂട്ടരുമെന്നെരിതീയിൽ നടന്നു:
ഉപവാസത്താൽ ദാനിയേലന്നാൾ
സിംഹഗണത്തിൻ വായ്കൾ പൂട്ടി;
ഉപവാസത്താൽ മിശിഹാനാഥൻ
നരകപിശാചിന്നപജയമേറ്റി.

*പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി*

നൃപനാം മിശിഹാ കർത്താവേ, നീ
അംബരവീഥിയിലന്തിമനാളിൽ
അന്ത്യവിധിക്കായണയുന്നേരം
കനിവൊടു ഞങ്ങളെ രക്ഷിക്കേണം:
സിദ്ധന്മാരുടെ നിരയിൽച്ചേർത്താ-
നിത്യവിരുന്നിനണച്ചരുളേണം

*ആദിമുതൽ എന്നേയ്ക്കും ആമ്മേൻ*

നിത്യമഹോന്നതമംഗളമോടെ
കുരിശു വിയത്തിലുയർന്നുവരുമ്പോൾ
ന്യായാധിപനാം മിശിഹാരാജൻ
മേഘച്ചുരുളിലിറങ്ങിവരുമ്പോൾ
അറുതിവരാത്തോരവികലമോദം
പകരണമേ നീ ഞങ്ങൾക്കെല്ലാം.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**കാർമ്മി:** "നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കും" എന്നു നല്ല കള്ളനോടു വാഗ്ദാനം ചെയ്ത നീതിമാനും അനുഗ്രഹസമ്പന്നനുമായ കർത്താവേ, നിന്റെ നീതി നടത്തപ്പെടുന്ന മഹനീയവും ഭീതിജനകവുമായ വിധിദിവസത്തിൽ നിന്റെ സമൃദ്ധമായ അനുഗ്രഹം ഞങ്ങളെ ആശ്വസിപ്പിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** ജീവിതകാലത്തു ഞങ്ങളുടെ ആലംബവും മരണശേഷം ഞങ്ങളുടെ പ്രതീക്ഷയുമായ മിശിഹായേ, നീ ആകാശത്തിലും ഭൂമിയിലും ആരാധ്യനാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

## ബോധനഗാനം

(തൂയെ...)

**കാർമ്മി:** മങ്ങിയൊരന്തിവെളിച്ചത്തിൽ
ചെന്തീപോലൊരു മാലാഖാ
വിണ്ണിൽനിന്നെൻ മരണത്തിൻ
സന്ദേശവുമായ് വന്നരികിൽ.

**സമൂഹം:** മങ്ങിയൊരന്തി..

**കാർമ്മി:** കേട്ടുനടുങ്ങീ മനമിളകി
പേടിവളർന്നെൻ സ്വരമിടറി
മിഴിനീർ തൂകിയുണർത്തിച്ചു:
"ഞാനൊരു നിമിഷമൊരുങ്ങട്ടെ."

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**സമൂഹം:** മങ്ങിയൊരന്തി...

**കാർമ്മി:** ദൂതൻ പ്രാർത്ഥന കേട്ടില്ല;
സമയം തെല്ലും തന്നില്ല;
മൃതിയുടെ പിടിയിലമർന്നൂ ഞാൻ;
നാഥാ, നീതാനവലംബം.

**സമൂഹം:** മങ്ങിയൊരന്തി...

## രണ്ടാം ഭാഗം

**കാർമ്മി:** ഞങ്ങളുടെ ശരണവും ആശ്രയവുമായ ദൈവമേ, പാപങ്ങളും കടങ്ങളും പൊറുക്കുന്നവനേ, നിന്റെ മഹനീയമായ ത്രിത്വത്തിന്റെ അഗ്രാഹ്യമായ അനന്തകാരുണ്യം അത്ഭുതാവഹവും ആരാധ്യവുമാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

**ശുശ്രൂ:** കർത്താവേ, എത്രത്തോളം നീ എന്നെ വിസ്മരിക്കും. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു (സങ്കീ. 31).

കർത്താവേ എത്രത്തോളം നീ എന്നെ വിസ്മരിക്കും?
നിത്യമായി നീ എന്നെ മറന്നുകളയുമോ?

എത്രത്തോളം നിന്റെ മുഖം എന്നിൽനിന്നു മറച്ചുവയ്ക്കും?
എത്രനാൾ എന്റെ ആത്മാവു വേദനിക്കയും ഹൃദയം ദുഃഖിക്കയും ചെയ്യണം?

എത്രനാൾ എന്റെ ശത്രു എന്റെമേൽ ഉയർന്നുനിൽക്കും?
എന്റെ ദൈവമായ കർത്താവേ, എന്നെ കടാക്ഷിക്കണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എന്റെ പ്രാർത്ഥന കേൾക്കുകയും ചെയ്യണമേ:
മരണനിദ്രയിൽ നിപതിക്കാതെ എന്റെ മിഴികൾ പ്രകാശിപ്പിക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** കർത്താവേ, എത്രത്തോളം നീ എന്നെ വിസ്മരിക്കും? മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** കർത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ഉയിർപ്പിച്ചു നിന്റെ വലതുഭാഗത്തു നിറുത്തണമേ. അനുഗ്രഹസമ്പന്നനും പാപങ്ങൾ പൊറുക്കുന്നവനുമായ മിശിഹായേ, നിന്നെ പ്രസാദിപ്പിച്ച നീതിമാന്മാരോടുകൂടെ ഇവരെയും നിന്റെ രാജ്യത്തിൽ മനോഹരമായ നിത്യമഹത്വം അണിയിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

**ഗാനം**

(മൽക്കാ മിശിഹാ പാറോക്കൻ...)

*കാഹളമൂതി പ്രകീർത്തിക്കുവിൻ.*

കാഹളനാദം കേൾക്കുമ്പോ-
ളുണരുന്നൂ മൃതരൊന്നാകെ;
ബാവാ പുത്രൻ റൂഹായ്ക്കും
കീർത്തനഗാനം പാടുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*രോഗങ്ങൾ അവൻ സുഖമാക്കും.*

നാശത്തിൽനിന്നാദാമിൻ
സുതരെയുയർത്തിയ തിരുസൂനോ,
ജീവനെനിക്കുപകർന്നുവലം-
ഭാഗമണച്ചു നിറുത്തണമേ.

*സ്വർഗ്ഗത്തിൽ നിന്നയച്ച് എന്നെ രക്ഷിച്ചു.*

മർത്ത്യഗണത്തിനു മൃത്യുവിൽ നി-
ന്നരിയവിമോചനമരുളീടാൻ
തൻ പ്രിയസുതനെ നിയോഗിച്ചോൻ
ദൈവം നിത്യസമാരാധ്യൻ.

*ദൈവത്തിൽ ഞാൻ സന്തോഷിക്കും*

പാവനമാകും കുരിശിനെയി-
ന്നഭയം തേടുന്നവരെല്ലാം
അക്ഷയമുന്നതമഹിമാവിൻ
നിക്ഷേപത്തിനുടമകളാം.

*വരുവിൻ, കർത്താവിനെ വാഴ്ത്താം*

വരുവിൻ, മൃതിയേ മൃതിയാലേ
വിജയിച്ചവനെ വാഴ്ത്തീടാം:
പുനരുത്ഥാനം നൽകുന്നോ-
നാരാധനയും കീർത്തനവും

*എല്ലാവരും നിന്നെപ്പാർത്തിരിക്കുന്നു.*

അദ്ധ്വാനത്തിനു സമ്മാനം
നേടാൻ നാഥാ, മൃതരെല്ലാം
നിന്നുടെയാഗമദിനവും കാ-
ത്തക്ഷമരായിക്കഴിയുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*നിന്റെ ശോഭയിൽ ഞങ്ങൾ പ്രകാശം കാണുന്നു.*

വാരൊളി ചൂഴ്ന്നു വിരാജിക്കും
സിദ്ധരെനോക്കിനിരാശന്മാർ
പാപികൾ പറയും: 'കർത്താവേ,
നിൻവിധി സത്യം ന്യായവുമാം.'

*ദൈവകല്പന അവർ നിരസിച്ചു.*

ആദിപിതാവാമാദത്തിൻ
പാപംമൂലം ഭൂലോകം
മൃതിയുടെ പിടിയിലമർന്നഴലിൻ
നടുവിൽത്താണു നരവംശം

*ദൈവമേ നീ സ്തുത്യർഹനാകുന്നു*

മിശിഹാ രണ്ടാമാദമിതാ,
മരണംമൂലം മരണത്തെ
വിജയിച്ചൊടുവിലുയിർത്തപ്പോൾ
മർത്യനു ശരണം കൈവന്നു.

*നീതിയുടെ വാതിൽ തുറക്കണമേ.*

പശ്ചാത്താപം കൊള്ളുകയാൽ
കള്ളനു മാപ്പുകൊടുത്തല്ലോ:
നാഥാ, പാപികൾ ഞങ്ങൾക്കായ്
കൃപയുടെ വാതിൽ തുറക്കണമേ.

*അവൻ നിന്റെ നാഥനാകുന്നു.*

ദൈവത്തിൻ തിരുമാതാവേ,
കന്യാമേരി, ഞങ്ങൾക്കായ്
പ്രാർത്ഥിക്കണമേ സുതനൊടു നീ
ദൈവാനുഗ്രഹമെന്നെന്നും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

ഇരുളിൽ മുങ്ങിയ ഹൃദയങ്ങൾ
വിശ്വാസത്തിൻ പ്രഭയാലേ
ഉജ്ജ്വലമാക്കിയ സകലേശാ
വാഴ്ത്തിപ്പാടി നമിക്കുന്നു.

*ആദിമുതൽ എന്നേയ്ക്കും ആമ്മേൻ*

ആരാധകരുടെയർത്ഥനകൾ
നിൻതിരുസന്നിധിയണയട്ടെ:
ദുഷ്ടപിശാചിൻ വഞ്ചനകൾ
നാഥാ, ഞങ്ങൾ തകർക്കട്ടെ.

**കാർമ്മി:** 'നിന്റെ പാപങ്ങൾ പൊറുത്തിരിക്കുന്നു' എന്നു പാപിനിയോട് അരുളിച്ചെയ്ത് അവളെ ആനന്ദിപ്പിച്ച കർത്താവേ, പാപപങ്കിലമായ ഈ ലോകജീവിതത്തിനുശേഷം സമാധാനത്തോടുകൂടെ യാത്രപുറപ്പെടുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. മരണശേഷം മഹത്തായ പുനരുത്ഥാനത്തിനു ഞങ്ങളെ അർഹരാക്കണമേ. നിന്റെ പരിപാലനത്തെ നിരന്തരം പുകഴ്ത്തുവാനായി ഞങ്ങളെ നിന്റെ സന്നിധിയിൽ ചേർക്കുകയും ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** യോവാറാശിന്റെ പുത്രിയെ ഉയിർപ്പിച്ച് അയാളെ ആശ്വസിപ്പിച്ച കർത്താവേ, പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖിതരായിരിക്കുന്ന നിന്റെ ദാസരെയും ആശ്വസിപ്പിക്കണമേ. അവരെ നിരാശരാക്കാതെ ഉത്ഥാനത്തിന്റെ പ്രതീക്ഷയാൽ ധൈര്യപ്പെടുത്തണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പ്രബോധനഗാനം

(ലാതെക്റേ ലാക്...)

**കാർമ്മി:** അസ്ഥിരമല്ലോ ഭുവനവുമതിലേ ജഡികാശകളും
നീർപ്പോളകൾപോലെല്ലാമെല്ലാം മാഞ്ഞടിയുന്നു.

**സമൂഹം:** അസ്ഥിരമല്ലോ...

**കാർമ്മി:** ഇന്നലെയുള്ളോരിന്നിവിടില്ല ഇനി വരികില്ല:
യാത്രക്കാരാ, മുന്നിലതാ നിൻ കബറിടമല്ലേ?

**സമൂഹം:** അസ്ഥിരമല്ലോ...

**കാർമ്മി:** പറുദീസാ ഞാൻ കണ്ടൊരുദിനമെൻ ഭാവന
തന്നിൽ
എത്രവിശിഷ്ടം സുഖസമ്പുഷ്ടം ദർശനസുഭഗം!

**സമൂഹം:** അസ്ഥിരമല്ലോ...

## മൂന്നാംഭാഗം

**കാർമ്മി:** ദൈവമേ, നിന്റെ മഹനീയമായ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിക്കു ഞങ്ങൾ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

ശുശ്രൂ: നിന്റെ ദാസന്റെ ആത്മാവിനെ ആനന്ദിപ്പിക്കണമേ; മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു (സങ്കീ. 86).

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*നിന്റെ ദാസന്റെ ആത്മാവിനെ ആനന്ദിപ്പിക്കണമേ:*

കർത്താവേ, എന്റെ മനസ്സു നിന്റെ പക്കലേയ്ക്കു ഞാനുയർത്തുന്നു.

എന്തുകൊണ്ടെന്നാൽ, നീ നല്ലവനാകുന്നു:
നിന്നെ വിളിക്കുന്നവർക്കെല്ലാം നീ കരുണനിറഞ്ഞ വനുമാകുന്നു.

കർത്താവേ, എന്റെ പ്രാർത്ഥന നീ കേൾക്കണമേ:
എന്റെ വിളിയുടെ ശബ്ദം നീ ശ്രദ്ധിക്കണമേ.

എന്റെ സങ്കടകാലങ്ങളിൽ നിന്നെ വിളിക്കുമ്പോൾ
നീ എന്റെ പ്രാർത്ഥന കേൾക്കുന്നു:
എന്റെ ദൈവമായ കർത്താവേ, നിനക്കു സമനായി ആരുമില്ല.

നിന്റെ പ്രവൃത്തികൾ നിസ്തുലങ്ങളാകുന്നു:
കർത്താവേ, നീ സൃഷ്ടിച്ച എല്ലാ ജനതയും നിന്നെ വന്നാരാധിക്കും.

നിന്റെ നാമം അവർ പുകഴ്ത്തുകയും ചെയ്യും:
എന്തുകൊണ്ടെന്നാൽ, നീ വലിയവനാകുന്നു

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

**ശുശ്രൂ:** നിന്റെ ദാസന്റെ ആത്മാവിനെ ആനന്ദിപ്പിക്കണമേ. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** മരിച്ചവരെ ഉയിർപ്പിക്കുന്നവനും ജീവിക്കുന്നവരെ രൂപാന്തരപ്പെടുത്തുന്നവനും പാപികളെ അനുഗ്രഹിക്കുന്നവനുമായ കർത്താവേ, നിന്റെ മഹനീയമായ ത്രിത്വത്തിനു ഞങ്ങൾ ആരാധനയും സ്തുതിയും സമർപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

**ഗാനം**

(ബ് എന്താൻ സപ്രാ...)

*നീതിമാന്മാരേ, കർത്താവിനെ സ്തുതിക്കുവിൻ*

സമയമടുത്തു ദൈവമിതാ;
ന്യായാധിപനായണയുന്നു;
സ്വീകരണത്തിനൊരുങ്ങിടുവിൻ:
സൽകൃത്യങ്ങൾ ചെയ്തിടുവിൻ
പരിശുദ്ധന്മാർക്കവനേകും
നിത്യാനന്ദവുമാശിസ്സും

*കർത്താവു തന്റെ വിധി വിളംബരം ചെയ്യും.*

ഈശോനാഥൻ ചൊല്ലുന്നു:
"ഞാനല്ലോ പുനരുത്ഥാനം
ഞാൻ തന്നെ നിത്യായുസ്സും:
എന്നിൽ ദൃഢമാം വിശ്വാസം
ചേർപ്പോനിവിടെ മരിച്ചാലും
നൽകും ഞാനവനുത്ഥാനം."

*ദൈവമേ, ആരു നിനക്കു തുല്യനാകും?*

എതിരേല്പിന്നായ് വന്നവരാം
കന്യകമാരൊടവൻ നരരെ
ഉപമിച്ചതു നാമറിയുന്നു;
മണവാളൻ തൻ വിളികേൾക്കെ
നിദ്രയുണർന്നാക്കന്യകമാർ
വേഗമെടുത്തു വിളക്കുകളും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*രാജമന്ദിരത്തിലവർ പ്രവേശിക്കും.*

മതിശാലിനികൾ കന്യകമാ-
രെണ്ണപകർന്നു വിളക്കുകളിൽ
തിരികൾ കൊളുത്തിയൊരുക്കുന്നു;
മണവാളനതാ, സ്വർഗ്ഗത്തിൻ
വാതിൽ തുറന്നകമണയുന്നു
കന്യകളാൽ പരിസേവിതനായ്.

*ദുഷ്ടർക്ക് അവരുടെ പ്രതിഫലം നൽകുന്നു.*

മതിയറ്റവരാം കന്യകമാ-
രെണ്ണവിളക്കിലെടുത്തീലാ;
തിരികൾ കൊളുത്തിയൊരുക്കീലാ;
വാതിലടച്ചു മണവാളൻ;
നിഷ്കാസിതരായവരെല്ലാം
നൈരാശ്യമൊടേ കരയുന്നു.

*നീതിമാനായ നിന്റെ വിധി നിഷ്പക്ഷമാകുന്നു.*

അദ്ധ്വാനത്തിന്നനുഗുണമായ്
പ്രതിഫലമീശൻ നല്കുന്നു
നല്ലവനേകും നാകസുഖം:
ദുഷ്ടന്മാർക്കോ തീനരകം;
നാകത്തിൻ കതിരണയില്ല;
നരകത്തിൻ തീ കെടുകില്ല.

*നീ അവർക്കുവേണ്ടി സജ്ജമാക്കിയ സ്ഥലത്ത്*

വിശ്രാന്തിക്കായുന്നതമാം
പറുദീസായിൽച്ചെന്നൊടുവിൽ
പരിശുദ്ധന്മാരൊരുമിക്കും;
അവിടെയവർക്കില്ലദ്ധ്വാനം;
പീഡയുമാധിയുമില്ലവിടം;
സൗഭാഗ്യത്തിൻ പൂവനമാം.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*രാജമന്ദിരത്തിലവർ പ്രവേശിക്കും.*

മതിശാലിനികൾ കന്യകമാ-
രെണ്ണപകർന്നു വിളക്കുകളിൽ
തിരികൾ കൊളുത്തിയൊരുക്കുന്നു;
മണവാളനതാ, സ്വർഗ്ഗത്തിൻ
വാതിൽ തുറന്നകമണയുന്നു
കന്യകളാൽ പരിസേവിതനായ്.

*ദുഷ്ടർക്ക് അവരുടെ പ്രതിഫലം നൽകുന്നു.*

മതിയറ്റവരാം കന്യകമാ-
രെണ്ണവിളക്കിലെടുത്തീലാ;
തിരികൾ കൊളുത്തിയൊരുക്കീലാ;
വാതിലടച്ചു മണവാളൻ;
നിഷ്കാസിതരായവരെ
നൈരാശ്യമൊടേ കരയു

*നീതിമാനായ നിന്റെ ... ഷ്പക്ഷമാകുന്നു.*

അദ്ധ്വാനത്തിന്നനുഗുണമ
പ്രതിഫലമീശൻ നല്കുന്നു
നല്ലവനേകും നാകസുഖം:
ദുഷ്ടന്മാർക്കോ തീനരകം;
നാകത്തിൻ കതിരണയില്ല;
നരകത്തിൻ തീ കെടുകില്ല.

*നീ അവർക്കുവേണ്ടി സജ്ജമാക്കിയ സ്ഥലത്ത്*

വിശ്രാന്തിക്കായുന്നതമാം
പറുദീസായിൽച്ചെന്നൊടുവിൽ
പരിശുദ്ധന്മാരൊരുമിക്കും;
അവിടെയവർക്കില്ലദ്ധ്വാനം;
പീഢയുമാധിയുമില്ലവിടം;
സൗഭാഗ്യത്തിൻ പൂവനമാം.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## വായന

### (പുരുഷന്മാർക്ക്)

**ശുശ്രൂ:** ഏശയ്യാ നിവ്യായുടെ പുസ്തകത്തിൽനിന്നുള്ള വായന (38/10).

തന്റെ ദൈവമായ കർത്താവിന്റെ സന്നിധിയിൽ എസക്കിയാസ് പ്രാർത്ഥിച്ച് ഇപ്രകാരം പറഞ്ഞു. ശിഷ്ടായുസ്സ് ഉപേക്ഷിച്ച് ഞാൻ എന്റെ ജീവിതമദ്ധ്യത്തിൽ പാതാളത്തിലേക്കു പോകും എന്നു ഞാൻ പറഞ്ഞു. ജീവിക്കുന്നവരുടെ നാട്ടിൽ കർത്താവിനെ ഞാൻ ദർശിക്കുകയില്ല. പാതാളത്തിൽ വസിക്കുന്നവരോടുകൂടെ മനുഷ്യരേയും ഇനി ഞാൻ കാണുകയില്ല. എന്റെ തലമുറ അവസാനിച്ചു. ആട്ടിടയന്മാരുടെ കൂടാരംപോലെ അതു മാറിമാറിപ്പോയി. മുറിക്കപ്പെടാറായ നെയ്ത്തുനൂൽപോലെ എന്റെ ജീവിതം വിച്ഛേദിക്കപ്പെട്ടു. രാവും പകലും നീ എന്നെ മരണത്തിനു വിട്ടുകൊടുത്തു. മീവൽപ്പക്ഷിയെപ്പോലെ ഞാൻ ഞരങ്ങിക്കൊണ്ടിരുന്നു. മാടപ്രാവിനെപ്പോലെ ഞാൻ കുറുകിക്കൊണ്ടിരുന്നു. എന്റെ കണ്ണുകൾ ഞാൻ സ്വർഗ്ഗത്തിലേക്കുയർത്തി. കർത്താവേ, എന്നെ രക്ഷിച്ച് എന്നെ ആശ്വസിപ്പിക്കണമേ.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

### (സ്ത്രീകൾക്ക്)

**ശുശ്രൂ:** ശ്ലീഹന്മാരുടെ നടപടിപുസ്തകത്തിൽനിന്നുള്ള വായന (9/36)

യോപ്പേ നഗരത്തിൽ സൽപ്രവൃത്തികളാലും ദാനധർമ്മങ്ങളാലും സമ്പന്നയായി ത്വീസാ എന്നുപേരുള്ള ഒരു ശിഷ്യയുണ്ടായിരുന്നു. ആ ദിവസങ്ങളിൽ അവൾ രോഗം പിടിപെട്ടു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മരിക്കുകയും, അവർ അവളെ കുളിപ്പിച്ചു മാളികയിൽ കിട ത്തുകയും ചെയ്തു. തത്സമയം ശെമയോൻ പത്രോസ് യോപ്പേയ്ക്കു സമീപമുള്ള ലോദ് എന്ന പട്ടണത്തിലുണ്ടെന്നു ശിഷ്യർ കേട്ടു. വേഗം തങ്ങളുടെ അടുത്തേയ്ക്കു വരണമെന്ന് അഭ്യർത്ഥിക്കുവാൻ രണ്ടുപേരെ ശിഷ്യർ അവന്റെ പക്കലേ ക്കയച്ചു. ശെമയോൻ എഴുന്നേറ്റ് അവരുടെ കൂടെപ്പോയി. അവൻ സ്ഥലത്തെത്തിയപ്പോൾ അവർ അവനെ മാളികയി ലേക്കു കയറ്റിക്കൊണ്ടുപോയി. ത്വീസാ ജീവിച്ചിരുന്നപ്പോൾ നൽകിയ അങ്കികളും പുറങ്കുപ്പായങ്ങളും കാണിച്ചു കരഞ്ഞു കൊണ്ട് വിധവകളെല്ലാം അവന്റെ ചുറ്റും കൂടിനിന്നു. എല്ലാ വരെയും പുറത്താക്കിയശേഷം ശെമയോൻ മുട്ടുകുത്തി പ്രാർത്ഥിച്ചു.

പിന്നെ അവൻ മൃതശരീരത്തിന്റെ നേരെ തിരിഞ്ഞ് "ത്വീസാ, എഴുന്നേല്ക്കുക" എന്ന് ആജ്ഞാപിച്ചു. അവൾ കണ്ണുകൾ തുറക്കുകയും ശെമയോനെ കണ്ടപ്പോൾ എഴുന്നേ റ്റിരിക്കുകയും ചെയ്തു. അവൻ കൈനീട്ടി അവളെ എഴുന്നേ ല്പിച്ചു നിർത്തി. അനന്തരം വിശുദ്ധരെയും വിധവകളെയും അകത്തുവിളിച്ച്, ജീവനുള്ളവളായി അവർക്ക് ഏൽപിച്ചുകൊ ടുത്തു. ഇതു പട്ടണം മുഴുവൻ പരസ്യമായി. വളരെപ്പേർ കർത്താവിൽ വിശ്വസിക്കുകയും ചെയ്തു.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമ്മി:** എന്റെ രക്ഷകനും ദൈവവുമായ കർത്താവേ, രാവും പകലും നിന്നെ ഞാൻ വിളിക്കുന്നു.

പരിശുദ്ധാരൂപിയുടെ ഗാനങ്ങളാലപിച്ചുകൊണ്ട് നമ്മുടെ സഹോദരനായ (സഹോദരിയായ)...ന്റെ ഓർമ്മ നമുക്ക് ആച രിക്കാം. ദൈവമേ, നിനക്കു സ്തുതി.

**സമൂഹം:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. പരിശുദ്ധാരൂപിയുടെ ഗാനങ്ങൾ...

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**കാർമ്മി:** ആദിമുതൽ എന്നേയ്ക്കും ആമ്മേൻ. പരിശുദ്ധാരൂപിയുടെ ഗാനങ്ങൾ...

**കാർമ്മി:** മാലാഖമാരാൽ സ്തുതിക്കപ്പെടുകയും മനുഷ്യരാൽ പുകഴ്ത്തപ്പെടുകയും ചെയ്യുന്ന കർത്താവേ, നിന്റെ തിരുനാമത്തെ വാഴ്ത്തുവാനും നിന്റെ മഹത്വത്തെ പ്രകീർത്തിക്കുവാനുമായി മരിച്ചവരെ നീ ഉയിർപ്പിക്കണമേ. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കരുണാനിധിയും പാപങ്ങൾ പൊറുക്കുന്നവനുമായ കർത്താവേ, നിന്റെ ദയാധിക്യത്താൽ ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

## പ്രബോധനഗാനം

(കുർബ്ബാന കഴിഞ്ഞുടനെയാണെങ്കിൽ)

(കമ്പെൽ മാറൻ...)

**കാർമ്മി:** കൈക്കൊള്ളണമേ ഹൃദയംഗമമാം
വിശ്വാസമൊടേ ദാസൻ ചെയ്യും
ബലിയെൻ നാഥാ, തിരുസ്സന്നിധിയിൽ

**സമൂഹം:** കൈക്കൊള്ളണമേ...

**കാർമ്മി:** പൂർവ്വൻമാരാം നോഹ് അബ്രാഹം
ഇസഹാക്ക് യാക്കോബ് മഹിതാശയർതൻ
പരിപാവനമാം ബലികൾപോലെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**സമൂഹം:** കൈക്കൊള്ളണമേ...

**കാർമ്മി:** പുരുവത്സലരാം ശ്ലീഹരുമൊരുപോൽ
വിനയാന്വിതരായ് തവസന്നിധിയിൽ
ചെയ്തൊരുനവമാം ബലിപോൽ നാഥാ.

**സമൂഹം:** കൈക്കൊള്ളണമേ...

## (മറ്റവസരങ്ങളിൽ)

(ബ്ഹദ്മിൻ യൗമീൻ)

**കാർമ്മി:** മനുജനു ജന്മം നൽകിയ നാഥാ,
മരണത്തിൽ നീ പുനരുത്ഥാനം പകരുന്നല്ലോ
വാഴ്ത്തീടുന്നേൻ

**സമൂഹം:** മനുജനു ജന്മം...

**കാർമ്മി:** ഒഴുകിവരുന്നു വാനവഗാനം
പൂഴിയിൽനിന്നും മൃതരുണരുന്നു:
നിത്യവിരുന്നിൻ പുലരിവരുന്നു.

**സമൂഹം:** മനുജനു ജന്മം...

**കാർമ്മി:** പുരുമോഹനമപ്പുലരിയിൽ നാഥാ
പൂങ്കതിരണിയും സുകൃതികളോടെ
നാകം ചേരാൻ വരമരുളേണം.

**സമൂഹം:** മനുജനു ജന്മം...

**ശുശ്രൂ:** അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു:
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു (സങ്കീ. 129)

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു:
കർത്താവേ, എന്റെ ശബ്ദം കേൾക്കണമേ:
എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ.

കർത്താവേ, നീ പാപങ്ങളെല്ലാം ഓർത്തിരിക്കുമെങ്കിൽ
ആർക്കു രക്ഷയുണ്ടാകും?
എന്തുകൊണ്ടെന്നാൽ, പാപമോചനം നിന്റെ
പക്കൽനിന്നാകുന്നുവല്ലോ?

കർത്താവിൽ ഞാൻ ശരണപ്പെടുന്നു;
എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ
കർത്താവേ, നിന്നെ ഞാൻ കാത്തിരിക്കുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ
ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ, അവൻ കരുണയുള്ളവനാകുന്നു:
പൂർണ്ണമായ രക്ഷയും അവന്റെ പക്കലാകുന്നു.

ഇസ്രായേലിനെ അതിന്റെ പാപങ്ങളിൽനിന്നെല്ലാം അവൻ
രക്ഷിക്കും

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

**ശുശ്രൂ:** അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു: മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ, ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ നിന്റെ ദാസനെ (ദാസിയെ) വിളിക്കയും നിന്റെ വലത്തുഭാഗത്തു നിറുത്തുകയും ചെയ്യട്ടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാപങ്ങൾ പൊറുക്കുന്നവനും കരുണനിറഞ്ഞവനും നീതിമാനുമായ വിധികർത്താവേ, ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിച്ചിരിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ മഹിമയോടുകൂടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കാരുണ്യവാനും, മനുഷ്യവംശത്തിന്റെ രക്ഷകനുമായ ദൈവമേ, അഭേദ്യമായ നിന്റെ കല്പനയനുസരിച്ച് മരണംവഴി ലോകത്തിൽനിന്നു വേർപിരിഞ്ഞുപോയ നിന്റെ ദാസന്റെ (ദാസിയുടെ) ആത്മാവിനെ വിശുദ്ധരുടെ സമൂഹത്തിൽ പ്രവേശിപ്പിക്കണമേ. നീതിമാന്മാരെ സ്വർഗ്ഗീയമണവറയിലേക്കു നയിക്കുവാനായി വാനമേഘങ്ങളിൽ നീ മഹത്വത്തോടുകൂടെ ആഗതനാകുമ്പോൾ കണ്ണുകണ്ടില്ലാത്തതും കാതുകേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയം ആസ്വദിച്ചിട്ടില്ലാത്തതുമായ നിത്യാനന്ദത്തിലേക്ക് ഈ ആത്മാവിനെയും നീ സ്വീകരിക്കണമേ. അവിടെ നിന്റെ പരിശുദ്ധരോടുകൂടെ സന്തോഷപൂർവ്വം നിന്നെ പാടിപ്പുകഴ്ത്തുവാൻ വേണ്ടി നിന്റെ അനുഗ്രഹത്തിന്റെ ജലത്താൽ ഈ ആത്മാവിന്റെ കറകൾ കഴുകി വിശുദ്ധീകരിക്കണമേ: ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# ചെറിയ ഒപ്പീസ്

കാർമ്മികൻ തിരുവസ്ത്രങ്ങളണിഞ്ഞ് ഹൈക്കലായിൽ, കറുപ്പുവിരിച്ചിരിക്കുന്നതിന്റെ തലയ്ക്കൽ ജനങ്ങളുടെ നേരെ തിരിഞ്ഞുനില്ക്കുന്നു.

**ശുശ്രൂ:** മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** കരുണയുള്ള കർത്താവേ, കരയുന്നവർ നിന്നെ വിളിക്കയും സങ്കടപ്പെടുന്നവർ നിന്നെ ആശ്രയിക്കയും ചെയ്യുന്നു. നിന്റെ വാഗ്ദാനങ്ങളുടെ പ്രതീക്ഷയാൽ നിന്റെ ദാസനെ (ദാസിയെ) ആശ്വസിപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

ഗാനം

(മൽക്കാമിശിഹാ)

*എന്റെ കർത്താവേ, നിന്നെ ഞാൻ പ്രകീർത്തിക്കും.*

മഹിമയൊടന്തിമ വിധിനാളിൽ
കർത്താവേ, നീയണയുമ്പോൾ
കരുണയോടെന്നെ നിറുത്തണമെ
നല്ലവരൊത്തു വലംഭാഗേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*കർത്താവേ, നിന്നെ ഞാൻ ആശ്രയിച്ചു.*

കർത്താവേ, നിൻ കുരിശിനെ ഞാ-
നാരാധിച്ചു വണങ്ങുന്നു:
അതുതാൻ ഞങ്ങൾക്കുത്ഥാനം
രക്ഷയുമുയിരും നൽകുന്നു.

*ആകാശവും ഭൂമിയും നിന്റേതാകുന്നു.*

ആകാശവുമീഭൂതലവും
താവകമല്ലോ കർത്താവേ,
ജീവിക്കുന്നവനഭയം നീ
നൽകണമേ, മൃതനായുസ്സും

*അവരാനന്ദകീർത്തനങ്ങൾ പാടും.*

മൃതരാം നരരുടെ പാപങ്ങൾ
മായ്ക്കണമേ നിൻ കൃപയാലേ:
മാമോദീസാ വഴിയങ്ങേ
സുതരാണവരെന്നോർക്കണമേ.

*അവന്റെ സന്തോഷത്തിലവരാനന്ദിക്കും.*

കർത്താവേ, നിൻ ശോണിതവും
ദിവ്യശരീരവുമറിവോടെ
ഉൾക്കൊണ്ടവരാം നിൻ സുതരേ
നിത്യവിരുന്നിൽച്ചേർക്കണമേ.

*അവരിലാരും അവശേഷിച്ചില്ല.*

മഴപെയ്യുമ്പോൾ വയലുകളിൽ
വിത്തുകൾ പൊട്ടിമുളയ്ക്കുന്നു:
കാഹളനാദം കേൾക്കുമ്പോൾ
മൃതരിൽ ജീവനുദിക്കുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



*പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി*

ബാവാപുത്രൻ റൂഹായേ,
മൃതനാമെന്നിൽക്കനിയേണം:
ജീവൻ നൽകി മഹോന്നതമാം
പ്രഭയുടെ നാട്ടിൽച്ചേർക്കേണം.

*ആദിമുതൽ എന്നേയ്ക്കും ആമ്മേൻ*

തെളിവായെന്നുടെ നാഥാ, നിൻ
തിരുമിഴിയെല്ലാം കാണുന്നു:
നിരവധിയാമെൻ പാപങ്ങൾ
നിരയായെണ്ണിവിധിക്കല്ലേ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** കർത്താവേ, നിന്റെ കരുണ ഞങ്ങളെ അനുഗമിക്കുകയും നിന്റെ ദയാധിക്യം ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും ചെയ്യുമാറാകട്ടെ. മഹനീയമായ നിന്റെ ത്രിത്വത്തിന്റെ അനുഗ്രഹം ഞങ്ങളെ സഹായിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ അനുഗ്രഹിക്കേണമേ.

**കാർമ്മി:** കർത്താവേ, നീ ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാകുന്നു. ഞങ്ങളുടെ ജീവന്റെ കാരണവും ആത്മാവിന്റെ പ്രത്യാശയും നീയാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പ്രബോധനഗാനം

കുർബ്ബാന കഴിഞ്ഞയുടനെയാണെങ്കിൽ

(കമ്പെൽ മാറൻ...)

**കാർമ്മി:** കൈക്കൊള്ളണമേ, ഹൃദയംഗമമാം
വിശ്വാസമൊടേ ദാസൻ ചെയ്യും
ബലിയെൻ നാഥാ, തിരുസ്സന്നിധിയിൽ

**സമൂഹം:** കൈക്കൊള്ളണമേ...

**കാർമ്മി:** പൂർവ്വന്മാരാം നോഹ് അബറാഹം
ഇസഹാക്ക് യാക്കോബ് മഹിതാശയർതൻ
പരിപാവനമാം ബലികൾപോലെ.

**സമൂഹം:** കൈക്കൊള്ളണമേ...

**കാർമ്മി:** പുരുവൽസലരാം ശ്ലീഹരുമൊരുപോൽ
വിനയാന്വിതരായ് തവസന്നിധിയിൽ
ചെയ്തൊരു നവമാം ബലിപോൽ നാഥാ.

**സമൂഹം:** കൈക്കൊള്ളണമേ...

## മറ്റവസരങ്ങളിൽ

(ലാതെക്റേലാക്)

**കാർമ്മി:** ഉന്നതനൃപനാം മിശിഹാനാഥാ, മൃതരെല്ലാരും
മിന്നിവിളങ്ങും വദനമൊടുണരാൻ വരമരുളേണം.

**സമൂഹം:** ഉന്നതനൃപനാം...

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**കാർമ്മി:** വിധിയുടെ നാളിൽ വിജയപ്രഭയിൽ വിണ്ടലമെങ്ങും പൊങ്ങിമുഴങ്ങും കാഹളനാദം പൂജിതമല്ലോ.

**സമൂഹം:** ഉന്നതനൃപനാം...

**കാർമ്മി:** അന്ത്യമെഴാത്തോരവികലമോദം നുകരാൻ മൃതരെ മഹിമാവൊഴുകും മണവറയിങ്കൽ ചേർക്കണമീശോ

**സമൂഹം:** ഉന്നതനൃപനാം...

**ശുശ്രൂ:** അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു (സങ്കീ. 129)

അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു:
കർത്താവേ, എന്റെ ശബ്ദം കേൾക്കേണമേ:
എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ.

കർത്താവേ, നീ പാപങ്ങളെല്ലാം ഓർത്തിരിക്കുമെങ്കിൽ ആർക്കു രക്ഷയുണ്ടാകും?
എന്തുകൊണ്ടെന്നാൽ, പാപമോചനം നിന്റെ പക്കൽനിന്നാകുന്നുവല്ലോ.

കർത്താവിൽ ഞാൻ ശരണപ്പെടുന്നു.
എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ
കർത്താവേ, നിന്നെ ഞാൻ കാത്തിരിക്കുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ
ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു:

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എന്തുകൊണ്ടെന്നാൽ, അവൻ കരുണയുള്ളവനാകുന്നു. പൂർണ്ണമായ രക്ഷയും അവന്റെ പക്കലാകുന്നു:

ഇസ്രായേലിനെ അതിന്റെ പാപങ്ങളിൽനിന്നെല്ലാം അവൻ രക്ഷിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

**ശുശ്രൂ:** അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ, ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ നിന്റെ ദാസനെ (ദാസിയെ) വിളിക്കയും നിന്റെ വലത്തുഭാഗത്തു നിറുത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്നവനും കരുണനിറഞ്ഞവനും നീതിമാനുമായ വിധികർത്താവേ, ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ മഹിമയോടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**കാർമ്മി:** സകലത്തിന്റെയും നാഥനും ദൈവവുമായ മിശിഹായേ, നിന്റെ കുരിശിന്റെ അടയാളത്തോടും ദൈവദൂതന്മാരുടെ അകമ്പടിയോടുംകൂടെ വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാവുകയും സ്വർഗ്ഗരാജ്യത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും, മരിച്ചവർ അക്ഷയരായി കബറിടങ്ങളിൽനിന്നുയിർക്കുകയും, ദുഷ്ടജനങ്ങൾ നീതിമാന്മാരിൽനിന്നു വേർതിരിക്കപ്പെടുകയും ചെയ്യുന്ന ഭയാനകമായ വിധിദിവസത്തിൽ, നിന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്കായി ലോകാരംഭത്തിൽത്തന്നെ സജ്ജമാക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തിലേക്കു ഞങ്ങളുടെ ഈ സഹോദരനെ (സഹോദരിയെ) നീ സ്വീകരിക്കണമേ. ഞങ്ങളിലും ഞങ്ങളുടെ സമൂഹത്തിലും നിന്റെ കൃപയും അനുഗ്രഹവും നിരന്തരം വസിക്കുമാറാകട്ടെ. ഇപ്പോഴും ✠എപ്പോഴും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# അന്നീദ

മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

പ്രാർത്ഥിക്കാം: നമുക്കു സമാധാനം

കർത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ മഹിമയോടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ

ദൈവമെ, നിന്റെ കൃപയ്ക്കൊത്തവണ്ണം എന്നോടു കരുണ തോന്നണമേ.

നിന്റെ തിരുമുമ്പിൽ ഞാൻ ചെയ്തുപോയ പാപങ്ങൾ നീ ഓർക്കരുതേ. എന്തുകൊണ്ടെന്നാൽ, നിന്റെ തിരുക്കുമാരൻ ഗാഗുൽത്തായിൽ ചിന്തിയ തിരുരക്തം എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

നിന്റെ കാരുണ്യാതിരേകത്തിനനുസൃതമായി എന്റെ പാപങ്ങൾ ഉന്മലൂനം ചെയ്യണമേ.

ഞങ്ങളുടെ കർത്താവേ, മാമോദീസാവഴി നിന്റെ മൗതിക ശരീരത്തിലെ അംഗങ്ങളായ നിന്റെ ദാസരെ നിന്റെ അനുഗ്രഹത്താൽ കഴുകി ശുദ്ധീകരിക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നിന്റെ ദിവ്യശരീരം ഭക്ഷിക്കുകയും തിരുരക്തം പാനം ചെയ്യുകയും ചെയ്തവരെ നീതിമാന്മാരുടെ രാജ്യത്തിലേക്കു പ്രവേശിപ്പിക്കണമേ.

പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

സർവ്വശക്തനായ ദൈവമേ, വിചാരത്താലും വചനത്താലും പ്രവൃത്തിയാലും, അറിഞ്ഞും അറിയാതെയും നിന്റെ ദാസൻ (ദാസി, ദാസർ) ചെയ്തിട്ടുള്ള എല്ലാ പാപങ്ങളിലും നിന്നു മോചനം നൽകി നീതിമാന്മാർ വസിക്കുന്ന സ്വർഗ്ഗീയ ഓർശ്ലേത്തേക്ക് അയാളെ (അവരെ) പ്രവേശിപ്പിക്കണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

വിശുദ്ധ പനിനീർ തളിക്കുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# നാളോത്ത്

മൃതശരീരം സംസ്കരിച്ചശേഷം പുരോഹിതൻ മരിച്ച യാളിന്റെ വീട്ടിൽച്ചെന്നു നടത്തുന്ന ഒരു കർമ്മമാണിത്. വീട്ടിൽപോകാൻ സാധിക്കാത്തപ്പോൾ പള്ളിയിൽവച്ചു തന്നെ ഇതു നടത്തുന്നു.

ഒരു മേശമേൽ ഒരു പാത്രത്തിൽ കുറെ അരിയോ, ജീര കമോ വച്ചിരിക്കണം. കാർമ്മികൻ ആ മേശയുടെ അടു ക്കൽ ചെന്നുനിന്നു പ്രാർത്ഥനയാരംഭിക്കുന്നു.

**കാർമ്മി:** പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

**സമൂഹം:** ആമ്മേൻ

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** ദുഃഖിതരെ ആശ്വസിപ്പിക്കുന്നവനും, ബലഹീനരെ ശക്തിപ്പെടുത്തുന്നവനുമായ ദൈവമേ, ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യാനന്ദത്തിലുള്ള പ്രതീക്ഷയോടുകൂടെ മരണം പ്രാപിച്ചിരിക്കുന്ന ഈ സഹോദരന്റെ (സഹോദരിയുടെ) ആത്മാവിനു നിത്യാശ്വാസം പ്രദാനം ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** യോവാറാശിന്റെ പുത്രിയെ ഉയിർപ്പിച്ച് അയാളെ ആശ്വസിപ്പിച്ച കർത്താവേ, പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖിതരായിരിക്കുന്ന അങ്ങയുടെ ഈ ദാസരെയും ആശ്വ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സിപ്പിക്കണമേ. അവർ നിരാശരാകാതിരിക്കുവാൻ ഉത്ഥാന ത്തിന്റെ പ്രതീക്ഷയാൽ അവരെ ധൈര്യപ്പെടുത്തണമേ. ജീവ ന്റെയും മരണത്തിന്റെയും നാഥാ, എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ

## പ്രബോധനഗാനം

### പുരുഷന്മാർക്ക്

(അന്നൊരുദിവസം)

**കാർമ്മി:** കരുണാനിധിയാം കർത്താവേ, നിൻ
ദാസനു നൽകണമുന്നതമോഹന-
പറുദീസായിൽ വിജയകിരീടം

**സമൂഹം:** കരുണാനിധിയാം...

**കാർമ്മി:** മാനവരെല്ലാമന്തിമനാളിൽ
നിത്യവിധിക്കായ് വാനിലുയർന്നുപ-
റന്നുവരുമ്പോൾ കനിയണമെന്നിൽ

**സമൂഹം:** കരുണാനിധിയാം...

**കാർമ്മി:** വിജയംനേടിയ തനയർക്കെല്ലാം
ജയമുടി നൽകാനംബരവീഥിയിൽ
നീയണയുമ്പോൾ കനിയണമെന്നിൽ

**സമൂഹം:** കരുണാനിധിയാം...

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## സ്ത്രീകൾക്ക്

(അന്നൊരുദിവസം)

**കാർമ്മി:** കരുണാനിധിയാം കർത്താവേ, നിൻ
ദാസിക്കേകണമുന്നതമോഹന-
പറുദീസായിൽ വിജയകിരീടം

**സമൂഹം:** കരുണാനിധിയാം...

**കാർമ്മി:** വാനവരെല്ലാമന്തിമനാളിൽ
നിത്യവിധിക്കായ് വാനിലുയർന്നുപ-
റന്നുവരുമ്പോൾ കനിയണമെന്നിൽ

**സമൂഹം:** കരുണാനിധിയാം...

**കാർമ്മി:** വിജയം നേടിയ തനയർക്കെല്ലാം
ജയമുടി നൽകാനംബരവീഥിയിൽ
നീയണയുമ്പോൾ കനിയണമെന്നിൽ

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം

**കാർമ്മി:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങു സൃഷ്ടികൾക്കു നൽകിയിരിക്കുന്ന പൊതുനിയമത്തിനു വിധേയനായി (വിധേയയായി) ഞങ്ങളിൽനിന്നു പിരിഞ്ഞു പോയിരിക്കുന്ന ഈ സഹോദരന്റെ (സഹോദരിയുടെ) ആത്മാവിനെ സ്വർഗ്ഗരാജ്യത്തിലേക്കു സ്വീകരിക്കണമേ. ജീവിതകാലത്ത് ഈ ആൾ ചെയ്തിട്ടുള്ള കുറ്റങ്ങൾക്കെല്ലാം മാപ്പു കൊടുക്കുകയും, ഈ ആളുടെ ആത്മാവിനെ കഴുകി വിശുദ്ധീകരിക്കുകയും ചെയ്യണമേ. അവസാന വിധിദിവസത്തിൽ ദുഷ്ടന്മാർ നല്ലവരിൽനിന്നു വേർതിരിക്കപ്പെടുകയും ഓരോരുത്തരുടെയും പ്രവൃത്തികൾക്ക് അനുസരണമായ പ്രതിഫലം

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നൽകപ്പെടുകയും ചെയ്യുമ്പോൾ ഈ ആളിനോട് അനുകമ്പ തോന്നണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കാരുണ്യവാനായ ദൈവമേ, സങ്കീർത്തനങ്ങളും പ്രാർത്ഥനാഗീതങ്ങളും ആലപിച്ചുകൊണ്ട് ഈ സംസ്കാര കർമ്മങ്ങളിൽ സംബന്ധിച്ച വൈദികരെയും മറ്റു വിശ്വാസികളെയും അനുഗ്രഹിക്കണമേ. മരിച്ചയാളിന്റെ കുടുംബാംഗങ്ങളെയും ബന്ധുമിത്രങ്ങളെയും ആശ്വസിപ്പിക്കണമേ. അങ്ങയുടെ കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഫലങ്ങൾ അവർ അനുഭവിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

## സമാപന പ്രാർത്ഥന

**കാർമ്മി:** കുരിശുമരണം വഴിയായി മരണത്തെ കീഴടക്കുകയും, മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരം നേടി അവരെ സ്വർഗ്ഗത്തിന് അവകാശികളാക്കുകയും ചെയ്ത മിശിഹാ നമ്മെ സംരക്ഷിക്കട്ടെ. പാപത്തിനു മരിച്ചവരായി സ്വർഗ്ഗത്തെ ലക്ഷ്യമാക്കിക്കൊണ്ടു ജീവിക്കുവാൻ അവിടുന്നു നമ്മെ സഹായിക്കുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ

എല്ലാവരും കൈക്കസ്തൂരി വാങ്ങിയശേഷം അരിമണി (ജീരകം) എടുക്കുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# പുലയടിയന്തിരം

## 1. ഒപ്പീസ്

കുർബ്ബാന കഴിഞ്ഞ് പള്ളിയിൽ കറുത്ത തുണി വിരിച്ചി
രിക്കുന്ന സ്ഥലത്തു ചെന്ന് ആരംഭിക്കുന്നു.

**കാർമ്മി:** ദുഃഖിതരെ ആശ്വസിപ്പിക്കുന്ന കാരുണ്യവാനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ. സങ്കടപ്പെടുന്നവരുടെ സങ്കേതമായ ദൈവമേ, ഞങ്ങളിൽനിന്നു വേർപെട്ടുപോയ......ന്റെ ആത്മാവിനു നിത്യാശ്വാസം നൽകണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

### സങ്കീർത്തനം

**ശുശ്രൂ:** കർത്താവേ, എന്റെ ആത്മാവിനെ
അങ്ങേ സന്നിധിയിലേക്കു ഞാനുയർത്തുന്നു:
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു.

കർത്താവേ, എന്റെ ആത്മാവിനെ
അങ്ങേ സന്നിധിയിലേക്കു ഞാനുയർത്തുന്നു.

ദൈവമേ, ഞാൻ അങ്ങയെ ആശ്രയിക്കുന്നു.
ഞാൻ ഒരിക്കലും ഭഗ്നാശനാവുകയില്ല.

വിശ്വാസവഞ്ചകരായ ദുഷ്ടന്മാർ
ലജ്ജിതരായിത്തീരും.

marggam
Digital Library of Christianity in India
www.marggam.com



അങ്ങയെ ആശ്രയിക്കുന്നവരാരും
ഒരിക്കലും നിരാശരാവുകയില്ല.

കർത്താവേ, അങ്ങയുടെ മാർഗ്ഗങ്ങൾ
അങ്ങ് എന്നെ പഠിപ്പിക്കണമേ.

അങ്ങ് എന്റെ ദൈവവും രക്ഷകനുമാകുന്നു:
ഞാൻ എപ്പോഴും അങ്ങിൽ ശരണപ്പെടുന്നു.

കഴിഞ്ഞുപോയ കാലങ്ങളിൽ
ഞങ്ങളോടു കാണിച്ചിട്ടുള്ള സ്നേഹം
അങ്ങ് ഇപ്പോൾ ഓർക്കണമേ.

എന്റെ ചെറുപ്പകാലത്തെ പാപങ്ങൾ മറന്ന്
കാരുണ്യപൂർവ്വം എന്നെ കടാക്ഷിക്കണമേ.

കർത്താവ് നല്ലവനും നീതിമാനുമാകുന്നു:
അവിടുന്നു പാപികളെ നേർവഴിക്കു തിരിക്കുന്നു.

കർത്താവേ, അങ്ങയുടെ തിരുനാമത്തെപ്രതി
എന്റെ പാപങ്ങൾ പൊറുക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

### ഗാനം

(മാനായ് ഹാദേ...)

**കാർമ്മി:** മൃതിയുടെ തടവിൽക്കഴിയുന്നു നാം
ഇരുളിനു മറയിൽക്കുഴയുന്നു നാം

**സമൂഹം:** മനസ്സുവരുന്നില്ലെങ്കിലുമുലകിൻ
പിടികൾ വിടർത്താൻ - എത്ര വിചിത്രം!

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**ശുശ്രൂ:** കർത്താവേ, എന്റെ ആത്മാവിനെ
അങ്ങേ സന്നിധിയിലേക്കു ഞാനുയർത്തുന്നു:
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി:

പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** പ്രവൃത്തികൾക്കനുസരണമായി പ്രതിഫലം നൽകുന്ന നീതിമാനായ ദൈവമേ, ഭൂമിയിൽ ജീവിച്ചിരുന്ന കാലത്തു പ്രാർത്ഥനകളാലും സൽകൃത്യങ്ങളാലും അങ്ങയെ പ്രസാദിപ്പിച്ച....ന്റെ പാപങ്ങളെല്ലാം പൊറുത്ത് ഈ ആളെ വിശുദ്ധരുടെ സമൂഹത്തിലേക്കു സ്വീകരിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

## കീർത്തനം

(പുലരിയിൽ...)

ഭൂമിയിലങ്ങേത്തിരുനാമം
കീർത്തിച്ചവരെക്കർത്താവേ,
നിത്യപിതാവിൻ സന്നിധിയിൽ
ചേർത്തുകിരീടം ചാർത്തണമേ.

കല്പനകാത്തു നടന്നവരെ
കനിവൊടു തൃക്കൺപാർക്കണമേ:
മോഹനവാനവലോകത്തിൻ
വാതിലവർക്കു തുറക്കണമേ.

ദിവ്യസ്വരത്താൽ നവജീവൻ
ലാസറിനരുളിയ സകലേശാ,

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മൃതരാശബ്ദം കേൾക്കട്ടെ
പുതിയൊരു ജീവൻ പുണരട്ടെ.

അബ്രാമിനൊടും തനയരൊടും
ചേർന്നുമഹോന്നത പൂവനിയിൽ
പരിചൊടു നൂതനഗീതങ്ങൾ
പാടാൻ തിരുവരമേകണമേ.

## സങ്കീർത്തനം 60

**ശുശ്രൂ:** ദൈവം കനിഞ്ഞു നമ്മെ അനുഗ്രഹിക്കട്ടെ:
അവിടുന്നു നമ്മിൽ പ്രസാദിക്കയും ചെയ്യട്ടെ.
സ്വർഗ്ഗത്തിലെ മാലാഖമാരോടും
പരിശുദ്ധരായ നീതിമാന്മാരോടുംകൂടെ
ദൈവം ഈ ആത്മാവിനെയും
നിത്യാനന്ദത്തിലേക്കു പ്രവേശിപ്പിക്കട്ടെ.

സമൂഹം രണ്ടു ഗണമായി തുടരുന്നു.

ദൈവം കനിഞ്ഞു നമ്മെ അനുഗ്രഹിക്കട്ടെ:
അവിടുന്നു നമ്മിൽ പ്രസാദിക്കയും ചെയ്യട്ടെ.

വിജാതീയരുടെയിടയിൽ അവിടുത്തെ രക്ഷയും
ഭൂമിയിൽ അവിടുത്തെ വഴികളും അറിയപ്പെടട്ടെ.

എല്ലാവരും ദൈവത്തെ സ്തുതിക്കുകയും
സന്തോഷപൂർവ്വം പുകഴ്ത്തുകയും ചെയ്യട്ടെ.

വിജാതീയരെ അങ്ങു നീതിയോടെ വിധിക്കുന്നു:
ഭൂമിയിലുള്ള രാജ്യങ്ങളെല്ലാം ഭരിക്കുന്നു.

വിജാതീയരെല്ലാം അങ്ങയെ സ്തുതിക്കട്ടെ.
ജനതകൾ അങ്ങയെ പുകഴ്ത്തട്ടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** ദൈവം കനിഞ്ഞു നമ്മെ അനുഗ്രഹിക്കട്ടെ:
അവിടുന്നു നമ്മിൽ പ്രസാദിക്കയും ചെയ്യട്ടെ.

സ്വർഗ്ഗത്തിലെ മാലാഖമാരോടും
പരിശുദ്ധരായ നീതിമാന്മാരോടുംകൂടെ
ദൈവം ഈ ആത്മാവിനെയും
നിത്യാനന്ദത്തിലേക്കു പ്രവേശിപ്പിക്കട്ടെ.

## സെമിത്തേരിയിലേക്ക്

താഴെവരുന്ന പാട്ടുപാടിക്കൊണ്ട് എല്ലാവരും സെമിത്തേരിയിലേയ്ക്കു പോകുന്നു.

സൂചന: സെമിത്തേരിയിൽ പോകുന്നില്ലെങ്കിൽ പള്ളിയിൽ വച്ചുതന്നെ പ്രാർത്ഥന പൂർത്തിയാക്കുന്നു.

### ഗാനം

(പുലരിയിൽ)

അന്തിമദിവസമടുക്കുമ്പോൾ
അംബരമിളകി വിറയ്ക്കുമ്പോൾ
വെളിവിൻ കതിരുകൾ മാഞ്ഞടിയും
കരിനിഴൽ തിങ്ങിവളർന്നുയരും.

കതിരോൻ മങ്ങിപ്പൊലിയുന്നു:
പനിമതിയിരുളിൽത്താഴുന്നു;
താരകൾ വീണു നുറുങ്ങുന്നു;
പാരിടമൊന്നായുരുകുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഉലകിൻ തൂണുകളുലയുന്നു;
മലയും മരുവും പുകയുന്നു;
കരയും കടലും മറയുന്നു;
കൂരിരുളെങ്ങും നിറയുന്നു.

ഉറവകൾ വറ്റിയുണങ്ങുന്നു;
നദികൾ വരണ്ടു നിലയ്ക്കുന്നു;
ജീവികൾ വീണുമരിക്കുന്നു;
വിജനതയെങ്ങും പടരുന്നു.

വിധിയുടെ സമയമടുക്കുന്നു;
വിണ്ണിൻവാതിൽ തുറക്കുന്നു;
വാനവനിരയാലനുഗതനായ്
ദൈവകുമാരനിറങ്ങുന്നു.

കാഹളവിളികൾ മുഴങ്ങുന്നു;
മരണമടഞ്ഞവരുണരുന്നു;
പരിശുദ്ധൻമാരണിയണിയായ്
സന്നിധിചേർന്നു വണങ്ങുന്നു.

നിരയായ് വിണ്ണിൽ നിലകൊള്ളും
വത്സലസുതരെക്കാണുമ്പോൾ
ആനന്ദത്താലാദത്തിൻ
നയനം പൂങ്കതിരണിയുന്നു.

നീതിവിധിക്കായ് ദൈവസുതൻ
മേഘരഥത്തിലിരിക്കുന്നു:
നരരുടെ ചെയ്തികളൊന്നൊന്നായ്
തൂക്കിയളന്നു വിധിക്കുന്നു.

ആനന്ദത്തിൻ ജയവിളിയും
നൈരാശ്യത്തിൻ നിലവിളിയും

www.TheCMSIndia.org
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

## പ്രബോധനഗാനം

(അന്നൊരുദിവസം)

**കാർമ്മി:** കരുണാനിധിയാം കർത്താവേ, നിൻ
രാജ്യത്തുന്നതമന്നവനായ് നീ
വാണരുളുമ്പോൾ ഓർക്കണമെന്നെ.

**സമൂഹം:** കരുണാനിധിയാം...

**കാർമ്മി:** ചോരചൊരിഞ്ഞൊരു മരണത്താലെ
മാനവനൂഴിയിൽ മോചനമേകിയ
ദൈവകുമാരാ, കനിയണമെന്നിൽ

കബറിടത്തിൽ പനിനീർ തളിക്കുന്നു.

**സമൂഹം:** കരുണാനിധിയാം...

**കാർമ്മി:** സന്തതമുന്നതപറുദീസായിൽ
വാനവരോടെ മധുരമനോഹര
ഗീതികൾ പാടാൻ വരമരുളേണം.

കബറിടം ധൂപിക്കുന്നു.

**സമൂഹം:** കരുണാനിധിയാം...

## സങ്കീർത്തനം 129

**ശുശ്രൂ:** അഗാധത്തിൽനിന്നു ഞാൻ അങ്ങയെ വിളിക്കുന്നു.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സമൂഹം രണ്ടു ഗണമായി തുടരുന്നു.

അഗാധത്തിൽനിന്നു ഞാൻ അങ്ങയെ വിളിക്കുന്നു:
കർത്താവേ, എന്റെ ശബ്ദം കേൾക്കണമേ;
എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ.

പാപങ്ങളെല്ലാം അങ്ങ് ഓർത്തിരുന്നാൽ
കർത്താവേ, ആർക്കു രക്ഷയുണ്ടാകും?

എന്തെന്നാൽ പാപങ്ങളുടെ മോചനം
അങ്ങേപ്പക്കൽനിന്നാണല്ലോ.

കർത്താവിൽ ഞാൻ ശരണപ്പെടുന്നു;
എന്റെ പ്രതീക്ഷ അവിടുത്തെ വാഗ്ദാനത്തിലാകുന്നു.

പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ
ഞാൻ അങ്ങയെ കാത്തിരിക്കുന്നു;
ഇസ്രായേലും അങ്ങയെക്കാത്തിരിക്കുന്നു.

അവിടന്നു കരുണയുള്ളവനാണല്ലോ;
പൂർണ്ണമായ രക്ഷ അവിടുത്തെപക്കലാകുന്നു.

അവിടുന്ന് ഇസ്രായേലിനെ
അവരുടെ പാപങ്ങളിൽനിന്നെല്ലാം രക്ഷിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

**ശുശ്രൂ:** അഗാധത്തിൽനിന്നു ഞാൻ അങ്ങയെ വിളിക്കുന്നു.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി:
പ്രാർത്ഥിക്കാം, നമുക്കു സമാധാനം.

**കാർമ്മി:** മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയും പ്രകാശവുമായ ദൈവമേ, പാപികളും ബലഹീനരുമായ ഞങ്ങളെ അനു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഗ്രഹിക്കണമേ. പാപങ്ങൾ പൊറുക്കുന്നവനും കരുണനിറഞ്ഞ വനുമായ കർത്താവേ, ഈ ആത്മാവിനു നിത്യാശ്വാസം നൽകണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: കർത്താവേ, മരിച്ചവരെ അങ്ങു കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ നിത്യമഹത്വമണിയിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

## സമാപനപ്രാർത്ഥന

**കാർമ്മി:** കുരിശുമരണം വഴിയായി നിത്യമരണത്തിൽ നിന്നു ഞങ്ങളെ രക്ഷിക്കുകയും പുനരുത്ഥാനം വഴിയായി നിത്യജീവനു ഞങ്ങളെ അർഹരാക്കുകയും ചെയ്ത മിശിഹായേ, ഞങ്ങളിൽനിന്നു പിരിഞ്ഞുപോയ ഈ പ്രിയസഹോദരന്റെ (സഹോദരിയുടെ) ഓർമ്മയാചരിക്കുന്ന ഈ ദിവസത്തിൽ പാപികളായ ഞങ്ങൾ ഈ ആളിനുവേണ്ടി സമർപ്പിക്കുന്ന പ്രാർത്ഥനകൾ സ്വീകരിപ്പാറാകണമെന്നു വിനയപൂർവ്വം ഞങ്ങൾ അപേക്ഷിക്കുന്നു. ജീവിതകാലത്തു ചെയ്തുപോയിട്ടുള്ള പാപങ്ങളെല്ലാം പൊറുത്ത് ഈ ആളെ വിശുദ്ധീകരിക്കുകയും, സ്വർഗ്ഗരാജ്യത്തിൽ അങ്ങയുടെ തിരുമുഖം ദർശിക്കുവാനുള്ള അനുഗ്രഹം ഈ ആൾക്കു നൽകുകയും ചെയ്യണമേ. ഈ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച എല്ലാവരെയും ആശീർവ്വദിക്കണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഗ്രഹിക്കണമേ. പാപങ്ങൾ പൊറുക്കുന്നവനും കരുണനിറഞ്ഞ വനുമായ കർത്താവേ, ഈ ആത്മാവിനു നിത്യാശ്വാസം നൽകണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: കർത്താവേ, മരിച്ചവരെ അങ്ങു കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ നിത്യമഹത്വമണിയിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, ക  , അനുഗ്രഹിക്കണമേ.

## സമാ ഥന

**കാർമ്മി:** കുരിശുമരണ ായി നിത്യമരണത്തിൽ നിന്നു ഞങ്ങളെ രക്ഷിക്കുകയും പുനരുത്ഥാനം വഴിയായി നിത്യജീവനു ഞങ്ങളെ അർഹരാക്കുകയും ചെയ്ത മിശിഹായേ, ഞങ്ങളിൽനിന്നു പിരിഞ്ഞുപോയ ഈ പ്രിയസഹോദരന്റെ (സഹോദരിയുടെ) ഓർമ്മയാചരിക്കുന്ന ഈ ദിവസത്തിൽ പാപികളായ ഞങ്ങൾ ഈ ആളിനുവേണ്ടി സമർപ്പിക്കുന്ന പ്രാർത്ഥനകൾ സ്വീകരിപ്പാറാകണമെന്നു വിനയപൂർവ്വം ഞങ്ങൾ അപേക്ഷിക്കുന്നു. ജീവിതകാലത്തു ചെയ്തുപോയിട്ടുള്ള പാപങ്ങളെല്ലാം പൊറുത്ത് ഈ ആളെ വിശുദ്ധീകരിക്കുകയും, സ്വർഗ്ഗരാജ്യത്തിൽ അങ്ങയുടെ തിരുമുഖം ദർശിക്കുവാനുള്ള അനുഗ്രഹം ഈ ആൾക്കു നൽകുകയും ചെയ്യണമേ. ഈ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച എല്ലാവരെയും ആശീർവ്വദിക്കണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഗ്രഹിക്കണമേ. പാപങ്ങൾ പൊറുക്കുന്നവനും കരുണനിറഞ്ഞവനുമായ കർത്താവേ, ഈ ആത്മാവിനു നിത്യാശ്വാസം നൽകണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: കർത്താവേ, മരിച്ചവരെ അങ്ങു കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ നിത്യമഹത്വമണിയിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, ക [illegible], അനുഗ്രഹിക്കണമേ.



**സമാ [illegible] ഥന**

**കാർമ്മി:** കുരിശുമരണ [illegible] ായി നിത്യമരണത്തിൽ നിന്നു ഞങ്ങളെ രക്ഷിക്കുകയും പുനരുത്ഥാനം വഴിയായി നിത്യജീവനു ഞങ്ങളെ അർഹരാക്കുകയും ചെയ്ത മിശിഹായേ, ഞങ്ങളിൽനിന്നു പിരിഞ്ഞുപോയ ഈ പ്രിയസഹോദരന്റെ (സഹോദരിയുടെ) ഓർമ്മയാചരിക്കുന്ന ഈ ദിവസത്തിൽ പാപികളായ ഞങ്ങൾ ഈ ആളിനുവേണ്ടി സമർപ്പിക്കുന്ന പ്രാർത്ഥനകൾ സ്വീകരിപ്പാറാകണമെന്നു വിനയപൂർവ്വം ഞങ്ങൾ അപേക്ഷിക്കുന്നു. ജീവിതകാലത്തു ചെയ്തുപോയിട്ടുള്ള പാപങ്ങളെല്ലാം പൊറുത്ത് ഈ ആളെ വിശുദ്ധീകരിക്കുകയും, സ്വർഗ്ഗരാജ്യത്തിൽ അങ്ങയുടെ തിരുമുഖം ദർശിക്കുവാനുള്ള അനുഗ്രഹം ഈ ആൾക്കു നൽകുകയും ചെയ്യണമേ. ഈ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച എല്ലാവരെയും ആശീർവ്വദിക്കണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ

marggam
Digital Library of Christianity in India
www.marggam.com

# മരണവാർഷികം

## 1. ഒപ്പീസ്

(കുർബ്ബാന കഴിഞ്ഞു പള്ളിയിൽ കറുത്ത തുണി വിരിച്ചിരിക്കുന്ന സ്ഥലത്തു ചെന്നുനിന്ന് ആരംഭിക്കുന്നു.)

**കാർമ്മി:** പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

**സമൂഹം:** ആമ്മേൻ

**കാർമ്മി:** മണ്ണിൽനിന്ന് ആദത്തെ സൃഷ്ടിച്ചവനും, അയാളുടെ സന്താനങ്ങളെ ഉത്ഥാനംവഴി നവീകരിക്കുന്നവനുമായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. ഞങ്ങളുടെ പ്രിയ സഹോദരന്റെ (സഹോദരിയുടെ) മരണവാർഷികം ആചരിക്കുന്ന ഈ ദിവസത്തിൽ ഈ ആൾക്കുവേണ്ടി ഞങ്ങൾ അർപ്പിക്കുന്ന പ്രാർത്ഥനകൾ അങ്ങു സ്വീകരിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

### ഗാനം

(ബ്രകീത്തോൻ...)

*"എല്ലാവരും അങ്ങയെപ്പാർത്തിരിക്കുന്നു."*

കൃപതൻ വിളനിലമേ,
പാപികൾ ഞങ്ങളിതാ
നിൻകൃപ തേടുന്നു;
ദുഃഖിതരങ്ങേത്തൃപ്പാദം
ഭക്തിയൊടെന്നും കൂപ്പുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വൈരികളാലേ വലയിതരാം
ഞങ്ങൾക്കപകടമണയാതെൻ
നാഥാ, നീ അഭയം നൽകണമേ.

• *"അങ്ങു ഞങ്ങളെ വിസ്മരിക്കരുതേ."*

അന്തിമ ദിവസത്തിൻ
ചിന്തയുദിക്കുമ്പോൾ
ആകുലനാകുന്നേൻ;
പൂജിതമാം നിൻ കൈകളിലെൻ
അന്തിമരംഗമൊരുക്കണമേ;
ഉപവിതണുത്തു; ലോകത്തിൽ
നീതിയുറങ്ങീ; പാപത്തിൻ
മാലിന്യം ഭൂവിൽ നിറയുന്നു.

*"കർത്താവേ അങ്ങു നല്ലവനാകുന്നു."*

ദ്യോവിലെ മണവാളൻ
വാതിൽ തുറക്കാനാ-
യാഗതനാകുന്നു;
അരുതരുതാരുമുറങ്ങരുതേ;
വേഗമൊരുങ്ങിയിറങ്ങിടുവിൻ;
വൈകിവരുന്നോർക്കൊരുനാളും
വാതിൽ തുറക്കില്ലവരെല്ലാ-
മിരുൾതിങ്ങും കുഴിയിൽ നിപതിക്കും.

*"നീ മാത്രം നിലനിൽക്കുന്നു."*

അവനിയമതിലുയരും
ക്ഷണികസുഖാശകളും
മായാമയമല്ലോ;
കരയും കടലും മറയുന്നു
മലയും മരവും തകരുന്നു;
മാഞ്ഞടിയുന്നൂ മന്നവരും

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മാറ്റമെഴാത്തോൻ നീ മാത്രം
മറ്റെല്ലാം ശൂന്യം - നിശ്ശൂന്യം

*"പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി."*

സൂര്യൻ മങ്ങുന്നു;
ചന്ദ്രൻ മറയുന്നു;
തിമിരം തിങ്ങുന്നു;
താരകൾ വീണു നുറുങ്ങുന്നു;
പാരിടമൊന്നായുരുകുന്നു;
മൃതരെല്ലാവരുമുണരുന്നു;
പരിശുദ്ധന്മാരണിയണിയായ്
തിരുമുമ്പിൽ പ്രഭയോടണയുന്നു.

**ശുശ്രൂ:** പ്രാർത്ഥിക്കാം; നമുക്കു സമാധാനം.

**കാർമ്മി:** അങ്ങയെ അനുഗമിക്കുന്നവർക്കു നേർവഴി കാട്ടുന്ന പരമകാരുണികനായ ദൈവമേ, അങ്ങയുടെ കല്പനകളനുസരിച്ചുകൊണ്ട് അങ്ങേയ്ക്കു സാക്ഷിയായി ജീവിച്ചിരുന്ന ഈ സഹോദരനെ (സഹോദരിയെ) പ്രകാശത്തിന്റെ നാട്ടിലേക്കു പ്രവേശിപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

### സങ്കീർത്തനം 88

**ശുശ്രൂ:** എന്റെ രക്ഷകനായ ദൈവമേ,
രാവും പകലും ഞാൻ അങ്ങയോടു പ്രാർത്ഥിക്കുന്നു.

മരിച്ചവരെ ഉയിർപ്പിക്കുകയും
അവർക്കു പ്രതിഫലം നൽകുകയും ചെയ്യുമ്പോൾ
എന്നോടു കരുണ തോന്നണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സമൂഹം രണ്ടു ഗണമായി തുടരുന്നു.

എന്റെ രക്ഷകനായ ദൈവമേ,
രാവും പകലും ഞാൻ അങ്ങയോടു പ്രാർത്ഥിക്കുന്നു.
എന്റെ പ്രാർത്ഥന സ്വീകരിക്കണമേ.

എന്റെ അപേക്ഷ ചെവിക്കൊള്ളണമേ;
ഞാൻ നിസ്സഹായനായിത്തീർന്നു.

കുഴിമാടങ്ങളിൽ ശയിക്കുന്നവരുടെ ഗണത്തിൽ
ഞാൻ എണ്ണപ്പെടുകയും ചെയ്തു.

എല്ലാ ദിവസവും ഞാൻ അങ്ങയോടു പ്രാർത്ഥിച്ചു;
അങ്ങേപ്പക്കലേക്കു ഞാൻ കൈകളുയർത്തി.

എന്നിൽനിന്നു മുഖം തിരിക്കുകയോ
എന്നെ മറന്നുകളയുകയോ ചെയ്യരുതേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** എന്റെ രക്ഷകനായ ദൈവമേ,
രാവും പകലും ഞാൻ അങ്ങയോടു പ്രാർത്ഥിക്കുന്നു:
മരിച്ചവരെ ഉയിർപ്പിക്കുകയും
അവർക്കു പ്രതിഫലം നൽകുകയും ചെയ്യുമ്പോൾ
എന്നോടു കരുണതോന്നണമേ.

## കീർത്തനം

(പുലരിയിൽ...)

ആഴത്തിൽനിന്നഖിലേശാ,
പാപികൾ നിന്നെ വിളിക്കുന്നു;
പ്രാർത്ഥന സദയം കേൾക്കണമേ;
പാപവിമോചനമേകണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മർത്യകുലത്തിൻ പാപങ്ങൾ
കൃത്യമളന്നു വിധിച്ചിടുകിൽ
പരിപാവനമാം പറുദീസാ
നേടാനർഹതയാർക്കുണ്ടാം?

നിർദ്ദയമിവരെത്തള്ളരുതേ;
നരകത്തീയിലടയ്ക്കരുതേ;
നിത്യാനന്ദം നുകരാനായ്
വാതിലിവർക്കു തുറക്കണമേ.

(താഴെക്കാണുന്ന സങ്കീർത്തനം ചൊല്ലിക്കൊണ്ടു സെമിത്തേരിയിലേയ്ക്കു പോകുന്നു. സെമിത്തേരിയിൽ പോകുന്നില്ലെങ്കിൽ പള്ളിയിൽവച്ചു തന്നെ പ്രാർത്ഥന പൂർത്തിയാക്കുന്നു.)

## സങ്കീർത്തനം 51

ദൈവമേ, എന്നോടു കരുണ തോന്നണമേ:
ദയാപൂർവ്വം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അപരാധങ്ങൾ കഴുകിക്കളയുകയും
തെറ്റുകൾ തുടച്ചുമാറ്റുകയും ചെയ്യണമേ.

എന്തെന്നാൽ എന്റെ പാപങ്ങൾ ഞാനറിയുന്നു;
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

അങ്ങേയ്ക്കെതിരായി ഞാൻ പാപം ചെയ്തുപോയി;
അങ്ങേ സന്നിധിയിൽ ഞാൻ തിന്മ പ്രവർത്തിച്ചു.

അങ്ങയുടെ വചനങ്ങൾ നീതിയുക്തമാകുന്നു;
അങ്ങയുടെ വിധികൾ വിജയിക്കുകയും ചെയ്യും.

ഞാൻ പാപത്തോടുകൂടെ ജനിച്ചിരിക്കുന്നു;
എന്റെ ഉത്ഭവംതന്നെ തിന്മയിലാകുന്നു.

അങ്ങു സത്യവാനാണല്ലോ;
അങ്ങേ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ
എന്നെയും പഠിപ്പിക്കണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സോപ്പാകൊണ്ട് എന്നെ തളിക്കണമേ
ഞാൻ ശുദ്ധിയുള്ളവനാകട്ടെ.

അതിൽ എന്നെ കഴുകണമേ;
ഞാൻ മഞ്ഞിനേക്കാൾ നിർമ്മലനാകട്ടെ.

അങ്ങേ സന്തോഷം എനിക്കു നൽകണമേ;
ഞാൻ അതിൽ ആനന്ദംകൊള്ളട്ടെ.

എന്റെ പാപങ്ങളിൽനിന്നു മുഖം തിരിക്കണമേ;
എന്റെ അപരാധങ്ങൾ മായിച്ചുകളയണമേ.

നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ;
എന്റെ മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ.

അങ്ങേ തിരുസ്സന്നിധിയിൽനിന്ന്
എന്നെ ഒരിക്കലും തള്ളിക്കളയരുതേ.

അങ്ങേ പരിശുദ്ധാത്മാവിനെ
എന്നിൽനിന്ന് എടുത്തുകളയരുതേ.

അങ്ങേ സഹായത്തിനു വീണ്ടും ഞാൻ അർഹനാകട്ടെ:
അങ്ങേ ചൈതന്യം എന്നെ താങ്ങിനിർത്തട്ടെ.

(കബറിടത്തിങ്കലെത്തുമ്പോൾ)

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ജീവിതകാലത്ത് അങ്ങയെ സ്നേഹിക്കുകയും അങ്ങയുടെ സഹായം അപേക്ഷിക്കുകയും ചെയ്തിട്ടുള്ള ഈ ദാസനെ (ദാസിയെ) മരണശേഷം അങ്ങു മറന്നുകളയരുതേ. നിത്യാനന്ദത്തിന്റെ പറുദീസാ ഈ ആൾക്കു തുറന്നുകൊടുക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**കാർമ്മി:** മാലാഖമാരാൽ സ്തുതിക്കപ്പെടുന്നവനും മനുഷ്യരാൽ ആരാധിക്കപ്പെടുന്നവനുമായ ദൈവമേ ഞങ്ങളുടെ പാപങ്ങൾക്കെല്ലാം മാപ്പുതരണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

## പ്രബോധനഗാനം

(ലാതെക്റേലാക്...)

**കാർമ്മി:** ഉന്നതനൃപനാം മിശിഹാനാഥാ,
മൃതരെല്ലാരും
മിന്നിവിളങ്ങും വദനമൊടുണരാൻ
വരമരുളേണം

**സമൂഹം:** ഉന്നതനൃപനാം...

**കാർമ്മി:** വിധിയുടെ നാളിൽ വിജയപ്രഭയിൽ
വിണ്ടലമെങ്ങും
പൊങ്ങിമുഴങ്ങും കാഹളനാദം
പൂജിതമല്ലോ.

കബറിടത്തിൽ പനിനീർ തളിക്കുന്നു.

**സമൂഹം:** ഉന്നതനൃപനാം...

**കാർമ്മി:** അന്ത്യമൊഴാത്തോരവികലമോദം
നുകരാൻ മൃതരെ
മഹിമാവൊഴുകും മണവറയിങ്കൽ
ചേർക്കണമീശോ

കബറിടം ധൂപിക്കുന്നു

**സമൂഹം:** ഉന്നത നൃപനാം...

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## സങ്കീർത്തനം (129)

**ശുശ്രൂ:** അഗാധത്തിൽനിന്നു ഞാൻ അങ്ങയെ വിളിക്കുന്ന;
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടുഗണമായി തുടരുന്നു

അഗാധത്തിൽനിന്നു ഞാൻ അങ്ങയെ വിളിക്കുന്നു;
കർത്താവേ, എന്റെ ശബ്ദം കേൾക്കണമേ;
എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ.

പാപങ്ങളെല്ലാം അങ്ങ് ഓർത്തിരുന്നാൽ
കർത്താവേ, ആർക്ക് രക്ഷയുണ്ടാകും

എന്തെന്നാൽ പാപങ്ങളുടെ മോചനം
അങ്ങേപ്പക്കൽനിന്നാണല്ലോ.

കർത്താവിൽ ഞാൻ ശരണപ്പെടുന്നു;
എന്റെ പ്രതീക്ഷ അവിടുത്തെ വാഗ്ദാനത്തിലാകുന്നു.

പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ
ഞാൻ അങ്ങയെക്കാത്തിരിക്കുന്നു;
ഇസ്രായേലും അങ്ങയെ കാത്തിരിക്കുന്നു.

അവിടുന്ന് ഇസ്രായേലിനെ
അവരുടെ പാപങ്ങളിൽനിന്നെല്ലാം രക്ഷിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

**ശുശ്രൂ:** അഗാധത്തിൽനിന്നു ഞാൻ അങ്ങയെ വിളിക്കുന്നു;
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയും പ്രകാശവുമായ ദൈവമേ, പാപികളും ബലഹീനരുമായ ഞങ്ങളെ അനുഗ്രഹിക്കണമേ. പാപങ്ങൾ പൊറുക്കുന്നവനും കരുണനിറഞ്ഞവനുമായ കർത്താവേ, ഈ സഹോദരന്റെ (സഹോദരിയുടെ) ആത്മാവിനു നിത്യാശ്വാസം നൽകണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, മരിച്ചവരെ അങ്ങു കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ നിത്യമഹത്വമണിയിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

## സമാപന പ്രാർത്ഥന

**കാർമ്മി:** സർവ്വശക്തനായ ദൈവമേ, ലോകത്തിൽ അങ്ങയെ സ്നേഹിക്കുന്നവർക്കുവേണ്ടി സ്വർഗ്ഗത്തിൽ അങ്ങു സജ്ജമാക്കിയിരിക്കുന്ന മന്ദിരങ്ങൾ എത്ര മനോഹരവും മഹനീയവുമാകുന്നു. ഞങ്ങളുടെ ഈ പ്രിയപ്പെട്ട സഹോദരനെയും (സഹോദരിയെയും) പരിശുദ്ധന്മാരുടെ ആ നിത്യവസതിയിലേക്ക് സ്വീകരിപ്പാറാകണമേ. ഈ ആളിന്റെ മരണവാർഷികമാചരിക്കുന്ന എളിയവരായ ഞങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ

എല്ലാവരും കുരിശുതൊട്ടു നമസ്കരിക്കുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**2. ചാത്തം**

വീട്ടിൽ നിശ്ചിതസ്ഥലത്ത് ഒരു മേശ. അതിന്മേൽ ഒരു കുരിശുരൂപം; രണ്ടുവശത്തും കത്തിച്ച തിരികൾ ഒരു പാത്രത്തിൽ അരി അല്ലെങ്കിൽ ജീരകം.

കാർമ്മികൻ മേശയുടെ അടുക്കൽ ചെന്നുനിന്നു പ്രാർത്ഥനയാരംഭിക്കുന്നു.

**കാർമ്മി:** ഈ ഭവനത്തിനും ഇതിൽ വസിക്കുന്നവർക്കും സമാധാനം

**സമൂഹം:** ആമ്മേൻ

**ശുശ്രൂ:** മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി,
പ്രാർത്ഥിക്കാം; നമുക്കു സമാധാനം.

**കാർമ്മി:** നീതിമാന്മാരായ വിശ്വാസികളിലും പരിശുദ്ധരായ പൂർവ്വപിതാക്കന്മാരിലും അത്യന്തം സന്തുഷ്ടനായി അവരെ ആശീർവദിച്ച ദൈവമേ, ഈ ഭവനത്തെയും ഇതിൽ വസിക്കുന്നവരെയും അനുഗ്രഹിക്കണമേ. ഇവിടെനിന്ന് അന്ത്യയാത്ര പറഞ്ഞു പിരിഞ്ഞുപോയവർക്കു നിത്യാനന്ദം കല്പിച്ചരുളണമേ.പൂർവ്വപിതാവായ അബ്രാഹത്തിന്റെയും നീതിമാനായ ജോബിന്റെയും ഭവനങ്ങൾപോലെ ഇതും ഐശ്വര്യപൂർണ്ണമായിത്തീരട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

**കാർമ്മി:** സർവ്വാധിപനാം കർത്താവേ,
നിന്നെ വണങ്ങി നമിക്കുന്നു;
ഈശോനാഥാ, വിനയമൊടേ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

**സമൂഹം:** മർത്യനു നിത്യമനോഹരമാ-
മുത്ഥാനം നീയരുളുന്നു:

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** അനാദിയായ ദൈവമേ, ഉന്നതനായ രാജാവേ, അങ്ങു ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു. അങ്ങയെ ഞങ്ങൾ ആരാധിക്കയും പുകഴ്ത്തുകയും ചെയ്യുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

## വേദപുസ്തകപാരായണം

ഒന്നാം വായന

**ശുശ്രൂ:** മക്കബായക്കാരുടെ പുസ്തകത്തിൽനിന്നുള്ള വായന (12:39-46)

യുദ്ധത്തിൽ മരിച്ചവരുടെ ശരീരങ്ങളെടുത്ത് അവരുടെ ചാർച്ചക്കാരെ അടക്കിയിരുന്ന കല്ലറകളിൽത്തന്നെ സംസ്കരിക്കാൻവേണ്ടി മക്കബായക്കാർ പിറ്റേദിവസം യൂദാസിന്റെ പക്കലേക്കു ചെന്നു. എന്നാൽ വധിക്കപ്പെട്ടവരുടെ വസ്ത്രങ്ങൾക്കുള്ളിൽ ജെമനിയായിലെ വിഗ്രഹങ്ങൾക്ക് അർപ്പിക്കപ്പെട്ട ബലിവസ്തുക്കൾ അവർ കണ്ടെത്തി. അങ്ങനെയുള്ള വസ്തുക്കൾ സൂക്ഷിക്കുക യഹൂദനിയമപ്രകാരം കുറ്റകരമായിരുന്നു. അങ്ങനെ ഒരു കുറ്റം ചെയ്തതുകൊണ്ടാണ് അവർ വധിക്കപ്പെട്ടതെന്ന് അപ്പോൾ അവർക്കു മനസ്സിലായി. നിഗൂഢകാര്യങ്ങൾ വെളിപ്പെടുത്തുന്ന നീതിമാനായ ദൈവത്തെ അവരെല്ലാവരും സ്തുതിച്ചു. അനന്തരം യുദ്ധത്തിൽ മരിച്ചവരുടെ പാപങ്ങൾക്കു പൊറുതികൊടുക്കണമേ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എന്ന് അവർ ദൈവത്തോടു പ്രാർത്ഥിച്ചു. പിന്നീട് യുദ്ധവീരനായ യൂദാസ് ഉപദേശരൂപത്തിൽ അവരോട് ഇങ്ങനെ പറഞ്ഞു: "ഇവരുടെ പാപംമൂലം എന്താണ് സംഭവിച്ചതെന്നു നിങ്ങൾതന്നെ നേരിട്ടു കണ്ടുകഴിഞ്ഞു. അതിനാൽ പാപം ചെയ്യാതിരിക്കുവാൻ ശ്രദ്ധിച്ചുകൊള്ളുവിൻ."

അതിനുശേഷം അദ്ദേഹം ഒരു പണപ്പിരിവു നടത്തി. പന്തീരായിരം ദ്രാക്മാ പിരിഞ്ഞുകിട്ടി. മരിച്ചവരുടെ പാപങ്ങൾക്കു വേണ്ടി പരിഹാരബലിയർപ്പിക്കുവാൻ ആ സംഖ്യ അദ്ദേഹം ജെറൂസലത്തേക്ക് അയച്ചുകൊടുത്തു. ഉത്ഥാനത്തിലുള്ള പ്രതീക്ഷയാണ് അതു ചെയ്യുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. മരിച്ചവർ വീണ്ടും ഉയിർക്കുമെന്നു പ്രതീക്ഷ ഇല്ലായിരുന്നുവെങ്കിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു വ്യർത്ഥവും നിഷ്ഫലവുമായി അദ്ദേഹം കരുതുമായിരുന്നു.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമ്മി:** വിശുദ്ധ യോഹന്നാൻ എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം (5:24-29)

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമ്മി:** ഈശോ അരുളിച്ചെയ്തു: എന്റെ വചനം കേൾക്കുകയും, എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട് എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. അവൻ വിധിക്കു വിധേയനാവുകയില്ല. മരണത്തിൽനിന്ന് അവൻ ജീവനിലേക്കു പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു.

സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും, അതു കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന സമയം അടുത്തിരിക്കുന്നു. അല്ല, അതു വന്നുകഴിഞ്ഞു. എന്തെന്നാൽ ജീവന്റെ ഉറവിടമായ പിതാവു തന്റെ പുത്രനെയും ജീവന്റെ ഉറവിടമാക്കിയിരിക്കുന്നു. മനുഷ്യ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പുത്രനായതുകൊണ്ടു വിധികർത്താവിനുള്ള അധികാരവും അവനു കൊടുത്തിരിക്കുന്നു.

നിങ്ങൾ ഇതിൽ വിസ്മയിക്കണ്ടോ. എന്തുകൊണ്ടെന്നാൽ കല്ലറയിലുള്ളവർ അവന്റെ ശബ്ദം കേൾക്കുന്ന സമയം വരുന്നു. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനും തിന്മ ചെയ്തവർ വിധിയുടെ ഉയിർപ്പിനുമായി പുറത്തുവരും.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## സമൂഹപ്രാർത്ഥന

**ശുശ്രൂ:** നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടും കൂടെനിന്ന് മരിച്ചുപോയ നമ്മുടെ സഹോദരന്റെ (സഹോദരിയുടെ) ആത്മാവിനു നിത്യഭാഗ്യം കല്പിച്ചരുളുവാൻ ദൈവത്തോടു പ്രാർത്ഥിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** അനന്തമായ സ്നേഹത്താൽ ഈ ആളെ സൃഷ്ടിക്കുകയും അതുല്യമായ കൃപയാൽ രക്ഷിക്കുകയും ചെയ്ത ദൈവമേ, ശിക്ഷകളിൽനിന്നെല്ലാം മോചനം നൽകി, ഈ ആളിന്റെ ആത്മാവിനെ സ്വർഗ്ഗരാജ്യത്തിലേക്കു സ്വീകരിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** ജീവിതകാലത്തു ചെയ്തിട്ടുള്ള സൽകൃത്യങ്ങളും ദാനധർമ്മങ്ങളും പ്രാർത്ഥനകളും ജീവകാരുണ്യപ്രവർത്തനങ്ങളും പരിഗണിച്ച് ഈ ആളിന്റെ ശിക്ഷകളെല്ലാം ഇളച്ചുകൊടുക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margGam
Digital Library of Christianity in India
www.marggam.com



**ശുശ്രൂ:** "നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ പ്രവേശിക്കു"മെന്നു നല്ല കള്ളനോടു അരുളിച്ചെയ്ത കർത്താവേ, ഈ ആത്മാവിന്റെ കറകളെല്ലാം കഴുകി വിശുദ്ധീകരിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** അത്ഭുതകരമായ ഉത്ഥാനംവഴി മനുഷ്യവർഗ്ഗത്തെ ആനന്ദിപ്പിച്ച ലോകരക്ഷകനായ കർത്താവേ, അങ്ങയുടെ മഹത്വത്തിന്റെ പ്രഭയാൽ ഈ ആത്മാവിനെ പ്രകാശിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ജീവിതകാലത്തു ഞങ്ങളുടെ ആലംബവും, മരണശേഷം ഞങ്ങളുടെ ആനന്ദവുമായ ദൈവമേ, അങ്ങ് ആകാശത്തിലും ഭൂമിയിലും ആരാധ്യനാകുന്നു. ഞങ്ങളിൽനിന്നു വേർപെട്ടുപോയ പ്രിയപ്പെട്ട സഹോദരന്റെ (സഹോദരിയുടെ) ആത്മാവിനു നിത്യഭാഗ്യം കല്പിച്ചരുളണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ

## പ്രബോധനഗാനം

(അന്നൊരുദിവസം)

**കാർമ്മി:** മനുജനുജന്മം നൽകിയ നാഥാ,
മരണത്തിൽ നീ പുനരുത്ഥാനം
പകരുന്നല്ലോ; വാഴ്ത്തീടുന്നേൻ

**സമൂഹം:** മനുജനുജന്മം...

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



**കാർമ്മി:** ഒഴുകിവരുന്നൂ വാനവഗാനം
പൂഴിയിൽനിന്നും മൃതരുണരുന്നു
നിത്യവിരുന്നിൻ പുലരിവരുന്നു.

തറമേൽ പനിനീർ തളിക്കുന്നു.

**സമൂഹം:** മനുജനുജന്മം...

**കാർമ്മി:** പുരുമോഹനമപ്പുലരിയിൽ നാഥാ,
പൂങ്കതിരണിയും സുകൃതികളോടെ
നാകം ചേരാൻ വരമരുളേണം

**സമൂഹം:** മനുജനുജന്മം...

## സമാപന പ്രാർത്ഥന

**കാർമ്മി:** സ്നേഹസമ്പന്നനായ ദൈവമേ, ഈ കുടുംബത്തിൽനിന്നു മരിച്ചുപോയ... ന്റെ ഓർമ്മയാചരിക്കുന്ന ഞങ്ങളെ കാരുണ്യപൂർവ്വം തൃക്കൺപാർക്കണമേ. ഞങ്ങളുടെ പ്രാർത്ഥന സ്വീകരിച്ച് ഈ ആൾക്കു മോചനം നൽകുകയും, ഈ ആളുടെ ബന്ധുമിത്രങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യണമേ. ഈ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച് ഈ ആൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ

എല്ലാവരും കാഴ്ച സമർപ്പിച്ചു കൈക്കസ്തൂരി വാങ്ങിയ ശേഷം അരിയോ ജീരകമോ എടുക്കുന്നു.

•

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# മരിച്ചവർക്കുവേണ്ടിയുള്ള തിരുക്കർമ്മങ്ങൾ

മൃതസംസ്കാരം (അൽമായരുടെ)
മൃതസംസ്കാരം (കുട്ടികളുടെ), വലിയ ഒപ്പീസ്, ചെറിയ ഒപ്പീസ്
അന്നീദ, നാളോത്ത്, പുലയടിയന്തിരം, മരണവാർഷികം

DEEPIKA BOOK HOUSE
ദീപിക ബുക്ക് ഹൗസ്
ശാസ്ത്രിറോഡ്, കോട്ടയം - 686 001
deepikabookhouse@gmail.com

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam

Digital Library of Christianity in India

www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

## Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

---

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi
Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org